# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP 14/1458/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP 14/1458/2023 തീയ്യതി: 07/11/2023

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 69 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കെ.ശ്രീജ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.സജേഷ്.ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി മിനിമോൾ.എസ്, ഓഡിറ്റർ,
കുമാരി ദേവിക.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റ്റി.ആർ.അനിൽകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സലിൽ എ.സോണി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.നിമ്മി.കെ പൗലോസ് | മെഡിക്കൽ ഓഫീസർ -ഇൻ-ചാർജ് , അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.വി.എം ലീന | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 20-12-2022 |
| ഡോ.ജാകിലിൻ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 21-12-2022 | 31-03-2023 |
| ഡോ.സജ്ജന.എസ്.യു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീകല.എൽ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| കുമാരി ശ്രീദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിത.ആർ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സുമോദ് എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2022 | 31-03-2023 |
| ശ്രീ.ഹരിശങ്കർ ജെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2022 | 11-08-2022 |
| ശ്രീ.കെ.അനൂപ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 12-08-2022 | 31-03-2023 |
| ശ്രീമതി ഷമീന ബീഗം.എച്ച് | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്, കല്ലൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി.കവിത ഇ.യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സുരേഷ്കുമാർ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 09-09-2022 |
| ശ്രീമതി റാണി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 10-09-2022 | 18-10-2022 |
| ശ്രീ.പ്രസാദ്.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 18-10-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ധന്യശ്രീ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 17-11-2022 |
| ശ്രീ.ഷിബു | അസിസ്റ്റന്റ് എഞ്ചിനീയർ | 18-11-2022 | 28-11-2022 |
| ശ്രീമതി സന്ധ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-11-2022 | 08-12-2022 |
| ശ്രീ.ദിനാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 09-12-2022 | 13-12-2022 |
| ശ്രീമതി.ലീന | അസിസ്റ്റന്റ് എഞ്ചിനീയർ | 14-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല. | 1-1-4 |
| 6 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-6 |
| 8 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല | 1-1-7 |
| 9 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ലെഡ്ജർ പ്രകാരമുള്ള വരവ് ചെലവ് വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-10 |
| 12 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-12 |
| 14 | ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കുകയോ ബാധ്യതയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല | 1-1-13 |
| 15 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-14 |
| 16 | ഡെപ്പോസിറ്റ് നൽകിയ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-15 |
| 17 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-16 |
| 18 | ബഡ്ജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | വിവിധ ക്ഷേമപദ്ധതികൾ | 1-6 |
| 23 | മറ്റ് ഓഡിറ്റ്നടത്തിയതിന്റെ വിവരം | 1-7 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-8 |

| | | |
|---|---|---|
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-10 |
| 27 | രസീത് പരിശോധന. | 1-11 |
| 28 | കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-12 |
| 29 | കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-12-1 |
| 30 | വാണിജ്യ സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-12-2 |
| 31 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-12-3 |
| 32 | ലേലം സംബന്ധിച്ചുള്ള അപാകങ്ങൾ | 1-13 |
| 33 | കടമുറി വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. | 1-13-1 |
| 34 | വിനോദനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-14 |
| 35 | ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കുകയോ,ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല. | 1-15 |
| 36 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. | 1-16 |
| 37 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകങ്ങൾ | 1-16-1 |
| 38 | ജിംനേഷ്യങ്ങൾക്ക് ലൈസൻസ് ഉറപ്പുവരുത്തേണ്ടതാണ്. | 1-16-2 |
| 39 | ഓഡിറ്റോറിയം, ഹാൾ-ലൈസൻസ് എടുത്തിട്ടില്ല | 1-17 |
| 40 | തൊഴിൽ നികുതി -അപാകങ്ങൾ | 1-18 |
| 41 | തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-18-1 |
| 42 | സിനിമാശാലകൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 1-18-2 |
| 43 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-18-3 |
| 44 | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിട്ടില്ല | 1-18-4 |
| 45 | സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-18-5 |
| 46 | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 1-18-6 |
| 47 | തൊഴിൽ നികുതി-ഭാഗികമായി അടച്ചിരിക്കുന്നു. | 1-18-7 |
| 48 | ഡോക്ടർമാർ തൊഴിൽ നികുതി അടച്ചില്ല. | 1-18-8 |
| 49 | രജിസ്ട്രേഷൻ ഇല്ലാത്ത ആശുപത്രിയിലെ ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല. | 1-18-9 |
| 50 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ സംബന്ധിച്ച അപാകതകൾ. | 1-19 |
| 51 | തെരുവു വിളക്ക പരിപാലനം-അപാകങ്ങൾ | 1-20 |
| 52 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-21 |
| 53 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-22 |

| | | |
|---|---|---|
| 54 | റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല. | 1-23 |
| 55 | സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. | 1-24 |
| 56 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-25 |
| 57 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകങ്ങൾ | 1-26 |
| 58 | ഉപയോഗശൂന്യമായ വസ്തുക്കൾ കയ്യൊഴിയേണ്ടതാണ്. | 1-27 |
| 59 | വാഹന പരിപാലനം-അപാകങ്ങൾ | 1-28 |
| 60 | ജനറൽ കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടി വിശദാംശം ലഭ്യമല്ല. | 1-29 |
| 61 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണമായും ലഭ്യമായില്ല | 1-30 |
| 62 | വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണമായും ലഭ്യമായില്ല | 1-31 |
| 63 | സ്നേഹസ്പർശം സ്കോളർഷിപ്പ് (മാനസികം) ഗുണഭോക്താക്കളുടെ ലിസ്റ്റിലെ അപാകങ്ങൾ | 1-32 |
| 64 | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് -42000/- രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 65 | ബാക്കി വന്ന കട്ടിലുകൾ വിതരണം ചെയ്യേണ്ടതാണ്. | 1-34 |
| 66 | പ്രിന്റിംഗ് ചാർജ്ജ് - ജി.എസ്.ടി. ഈടാക്കിയില്ല. | 1-35 |
| 67 | ആർജ്ജിതാവധി സറണ്ടർ- രേഖകൾ ലഭ്യമാക്കാത്തതിനാൽ 97322/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-36 |
| 68 | വെറ്ററിനറി സർജൻ- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല | 1-37 |
| 69 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-38 |
| 70 | ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകൽ-അപാകങ്ങൾ | 1-39 |
| 71 | വാല്യൂഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയേക്കാൾ ഉയർന്ന തുക ആനുകൂല്യം നൽകി-24000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-40 |
| 72 | വെള്ളക്കരം കുടിശ്ശിക പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-41 |
| 73 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകി. | 1-42 |
| 74 | പൊതു കുളങ്ങളിലെ മത്സ്യ കൃഷി-സുതാര്യത ഉറപ്പാക്കണം | 1-43 |
| 75 | തുല്യതാ തുടർ വിദ്യാഭ്യാസം - അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | 1-44 |
| 76 | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നടപ്പിലാക്കിയ വിവിധ പദ്ധതികൾ - അപാകങ്ങൾ | 1-45 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.23 ലെ 2(1)-ാം നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പോത്തൻകോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പോത്തൻകോട് ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബി) തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂളിന്റെ അനുബന്ധ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ILGMS ൽ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/11.09.23 ന്റെ മറുപടി). ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 96453483/- രൂപയാണ്. എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 41388184/- രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പ്രസ്തുത സ്റ്റേറ്റ്മെന്റ് സോഫ്റ്റ്‌വെയറിൽ നിന്നും ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യുന്നതാണെന്നും അതിന്റെ

ആധികാരികത വ്യക്തമല്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.01/11.09.23 ന്റെ മറുപടി). ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസവും തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201687/31-3-23 |
| 110100103 | Property Tax On Non Residential Buildings | 42201688/31-3-23 |

പ്രതിമാസ ഡിമാന്റുകൾ രേഖപ്പെടുത്താനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല എന്നറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/11.09.23 ന്റെ മറുപടി). സോഫ്റ്റ്‌വെയർ സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഷെഡ്യൂളിൽ തുക '0' ആയി രേഖപ്പെടുത്തിയിരിക്കുന്നു. സ്റ്റോക്ക് മൂല്യനിർണയം നടത്താനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർദ്ദേശം പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/11.09.23 ന്റെ മറുപടി). ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-5 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

നടപ്പ് സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി- 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

മേൽ തുകകളുടെ പ്രൊവിഷൻ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/11.09.23 ന്റെ മറുപടി). ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-6 മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

എസ് ബി ഐ 57045825676 നം. അക്കൗണ്ട്, യൂണിയൻ ബാങ്ക് 614202010010213 നം. അക്കൗണ്ട് എന്നിവയുടെ റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, നല്കി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

എസ് ബി ഐ 57045825676 നം. അക്കൗണ്ടിന്റെ പണമാക്കാത്ത ചെക്ക് തുകയായ 81/- രൂപ പേയ്മെന്റ് ഡ്യൂപ്ലിക്കേറ്റ് എൻട്രി വന്നിട്ടുള്ളതാണെന്നും ആയത് കറക്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.5/12.09.23 ന്റെ മറുപടി). ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ യൂണിയൻ ബാങ്ക് 614202010010213 നം. അക്കൗണ്ടിന്റെ, നല്കി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്ക് തുകയായ 4750/- രൂപ (ചെക്ക് നം. 93881/16.04.22) Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-7 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല

എ) യൂണിയൻ ബാങ്ക് 614202010010213 നം. അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheques Deposited But Not Cleared എന്ന ഇനത്തിൽ 13615 രൂപയുണ്ട്. അതിൽ 2021-22 ൽ ബാങ്കിൽ ഡെപ്പോസിറ്റ്

ചെയ്ത 2 ചെക്കുകളും ഉൾപ്പെടുന്നു.

ബി) എസ് ബി ഐ 57045825676 നം. അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheques Deposited But Not Cleared എന്ന ഇനത്തിൽ 8063 രൂപയുണ്ട്.

2021-22 ൽ തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച ആകെ 2000 രൂപയുടെ ചെക്കുകൾ നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ലെന്നും എസ് ബി ഐ 57045825676 നം. അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 8063 രൂപ ഓൺലൈൻ ഫീസാണെന്നും ഐ കെ എം വഴി സെറ്റിൽമെന്റായി ലഭിക്കാൻ ബാക്കിയുള്ള തുകയാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.5/12.09.23 ന്റെ മറുപടി). ചെക്ക് തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിൽ വരവ് വെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-8 ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

എ) വാർഷിക ധനകാര്യപത്രിക RP40 (B) ൽ NREGS ന്റെ 2 അക്കൗണ്ടുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം SBI (67061729784) ന്റെ നീക്കിയിരിപ്പ് 8684/- രൂപയും UNION BANK (614202010011154) ന്റെ നീക്കിയിരിപ്പ് 6000/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം MGNREGS ന്റെ നീക്കിയിരിപ്പ് 8511/- രൂപയാണ്. ടി തുക ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

SBI (67061729784) ന്റെ നീക്കിയിരിപ്പും ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി വ്യത്യാസമുള്ള 173/- രൂപ പലിശയിനത്തിൽ ലഭിച്ച തുകയാണെന്നും UNION BANK (614202010011154) ന്റെ നീക്കിയിരിപ്പ് തുക 6000/- രൂപ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് തിരിച്ചടയ്ക്കാനുള്ള തുകയാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.5/12.09.23 ന്റെ മറുപടി).

ബി) വാർഷിക ധനകാര്യപത്രിക RP40 (B) പ്രകാരം ദുരിതാശ്വാസനിധി അക്കൗണ്ടിന്റെ (The Ayirooppara Farmers Service Co-operative Bank 16296) നീക്കിയിരിപ്പ് 15024/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക ബി-2 ഷെഡ്യൂൾ (ഹെഡ് നം. 311100101) പ്രകാരം നീക്കിയിരിപ്പ് 16824/- രൂപയാണ്.

പേയ്മെന്റ് രേഖപ്പെടുത്തിയപ്പോൾ അക്കൗണ്ട് ഹെഡ് മാറിയതിനാലാണ് അപാകത സംഭവിച്ചതെന്നും ആയത് പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 20/15.09.23 ന്റെ മറുപടി).

## 1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തുന്നില്ല

Secured Loan- Loan From KURDFC ഇനത്തിന്റെ (330500201 നം. ഹെഡ്സ്) ലെഡ്ജർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ജേണൽ വൗച്ചറുകൾ പ്രകാരം 2021-22 വർഷം തെറ്റായി ബുക്ക് ചെയ്ത തുകകൾ ക്രമീകരിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ജേണൽ നം./തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 42201698/31.03.23 | 680000 | 2021-22 STATE SHARE WRONGLY DONE IN LOAN NOW CORRECTED |
| 2 | 42201699/31.03.23 | 220000 | 2021-22 LOAN RECEIPT WRONGLY DONE IN STATE SHARE NOW IT CORRECTED |

എന്നാൽ മേൽ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ ജേണൽ വൗച്ചറുകൾ അംഗീകരിക്കുന്ന രീതിയിലുള്ള സാക്ഷ്യപ്പെടുത്തിയ രേഖകളും ലോൺ രജിസ്റ്ററും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/12.09.2023) ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2021-22 വർഷം ലൈഫ് സ്റ്റേറ്റ് ഷെയർ, ലൈഫ് ലോൺ തുക എന്നിവ തെറ്റായി അക്കൗണ്ട് ചെയ്തത് കറക്ട് ചെയ്തതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-10 ലെഡ്ജർ പ്രകാരമുള്ള വരവ് ചെലവ് വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

എ) Rent Deposit (ഹെഡ് നം.340200101) ന്റെ ലെഡ്ജർ പരിശോധിച്ചതിൽ 2022-23 വർഷം ടി ഇനത്തിൽ 38000/- രൂപ വരവ് ലഭിച്ചതായും 8000/- രൂപ തിരികെ നൽകിയിട്ടുള്ളതായും കാണുന്നു. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ RP – 33 വരവ് ഭാഗത്ത് 30000/- രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് വിവരം RP – 33 ചെലവ് ഭാഗത്ത് ഉൾപ്പെടുത്തിയിട്ടില്ല.

ബി) Auction Deposit (ഹെഡ് നം.340200102) ന്റെ ലെഡ്ജർ പരിശോധിച്ചതിൽ 2022-23 വർഷം ടി ഇനത്തിൽ 29000/- രൂപ വരവ് ലഭിച്ചതായും 8000/- രൂപ തിരികെ നൽകിയിട്ടുള്ളതായും കാണുന്നു. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ RP – 33 വരവ് ഭാഗത്ത് 27000/- രൂപയുടെ വരവും RP – 33 ചെലവ് ഭാഗത്ത് 6000/- രൂപയുടെ ചെലവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/12.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-11 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല

എ) ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/12.09.23, 20/15.09.23 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) തനത് വരവിനങ്ങളുടെ ഡിസിബി സ്റ്റേറ്റ്മെന്റുകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഡി & ഒ ലൈസൻസ് ഒഴികെയുള്ളവയുടെ രജിസ്റ്ററുകളിൽ ഒന്നും തന്നെ ഡിസിബി എഴുതി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ആയതിനാൽ വരവ് തുകകളുടെ കൃത്യത വാർഷിക കണക്കിലെ തുകകളുമായി ഒത്തുനോക്കി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഡിസിബി തയ്യാറാക്കുന്നതിന് സെക്ഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് ഓഡിറ്റ് അന്വേഷണം നം. 20/15.09.23 ന്റെ മറുപടി).

## 1-1-12 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം (ഹെഡ് - 431400123) Receivables Towards Other Receipts (Current) ഇനത്തിൽ 180418 രൂപ ലഭിക്കാനുണ്ടായിരുന്നു. എന്നാൽ 2022-23 ൽ ടി തുക Current ഹെഡ്ഡിൽ നിന്നും അരിയർ ഹെഡ്ഡിലേയ്ക്ക് മാറ്റാതെ (ഹെഡ്ഡ് നം. 430400124) Current ഹെഡ്ഡിൽ തന്നെ ഉൾപ്പെടുത്തുകയും റസീപ്റ്റ് & പേയ്മെന്റ് RP-45 ഷെഡ്യൂൾ പ്രകാരം വരവ് കാണിക്കുകയും ചെയ്തിരിക്കുന്നു.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/15.09.23 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. 2021-22 വർഷം ഇ-ടെണ്ടർ ഇനത്തിൽ ലഭിച്ച തുകയാണെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ 2021-22 ലെ ഇ-ടെണ്ടർ ഫോം വിലയായ ടി തുക 23.05.22 ലെ 541553 നം. ചെക്ക് പ്രകാരമാണ് വരവ് വന്നിട്ടുള്ളത്. കൂടാതെ തുക അരിയർ ഹെഡ്ഡിലേയ്ക്ക് മാറ്റിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ Current ഹെഡ്ഡിലാണ് തുക ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-13 ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കുകയോ ബാധ്യതയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല

RP-10 ഷെഡ്യൂൾ ഹെഡ് കോഡ് നം. 180400301 പ്രകാരം 2022-23 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ 9384 രൂപ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചിട്ടുള്ളതായി കാണുന്നു. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 പ്രകാരം സിഎഫ്സി ഗ്രാന്റ് ഉപയോഗിച്ച് നിർവഹിച്ച മിച്ചഭൂമിത്തടം റോഡ് ടാറിംഗ് (49/17) എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് രസീത് നം. 1220502562/19.09.22 പ്രകാരം അടവാക്കിയതാണ് ടി തുക. എന്നാൽ ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ട പ്രസ്തുത തുക തനത് ഫണ്ടിൽ തന്നെ നിലനിർത്തിയിരിക്കുന്നു. കൂടാതെ ബാലൻസ് ഷീറ്റ് B- 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിട്ടില്ല.
മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/15.09.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി തുക രസീത് ചെയ്ത് സ്വീകരിച്ചത് ലയബിലിറ്റി ഹെഡ്ഡിൽ അല്ലാത്തതിനാലാണ് ബാധ്യതയായി നിലനിൽക്കാത്തതെന്നും നടപ്പ് സാമ്പത്തിക വർഷം തുക ഒടുക്കു വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-14 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution"

## ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ധനകാര്യകമ്മീഷൻ പെർമോഫൻസ് ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് നമ്പർ 16/23 പ്രകാരം വേങ്ങോട് പൊതുമാർക്കറ്റിൽ എയറോബിക് കമ്പോസ്റ്റ് മിനി എംസിഎഫ് അനുബന്ധപ്രവൃത്തികൾക്കായി ചെലവഴിച്ച 404882/- രൂപയുടെ ചെലവിന് തത്തുല്യമായ തുക B-3 ഷെഡ്യൂളിലെ Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. പകരം ഇൻകം & എക്സ്പെൻഡിച്ചർ (I-6 ഷെഡ്യൂൾ ഹെഡ് കോഡ് - 160100109) റവന്യൂചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/15.09.23 ന്റെ മറുപടി തൃപ്തികരമല്ല. മേൽ തുക ഉൾപ്പെടെ Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് ചെലവുകൾ മാത്രമാണ് (I-6 ഷെഡ്യൂൾ ഹെഡ് കോഡ് - 160100111) Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത്.

## 1-1-15 ഡെപ്പോസിറ്റ് നൽകിയ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.

1. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.50/23 – പോസ്റ്റുകൾ മാറ്റി സ്ഥാപിക്കലിനായി 37429/- രൂപ കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) വന്നിട്ടില്ല. കൂടാതെ യഥാർത്ഥത്തിൽ വരേണ്ട നീക്കിയിരിപ്പ് തുകയും B-18 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ 180/- രൂപയുടെ വ്യത്യാസം കാണുന്നു.

2. സുലേഖ ചെലവ് പത്രിക പ്രകാരം വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിനായി 2022-23 വർഷം കേരള ഭൂജല വകുപ്പിന് ആകെ 663066/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ B-18 ഷെഡ്യൂളിൽ 460500204 നം. ഹെഡ്ഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ DEPOSIT FOR BORE WELL PROJECT 114/22 ന്റെ ഭാഗമായി 500000/- രൂപ കൂടി കേരള ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ളതായി കാണുന്നു (പ്രോജക്ട്, ചെലവ് എന്നിവ 2021-22 വർഷത്തെ സുലേഖ സ്റ്റേറ്റ്മെന്റിൽ ആണ് ഉൾപ്പെട്ടിട്ടുള്ളത്). എന്നാൽ ടി തുക ഉൾപ്പെടെ കേരള ഭൂജല വകുപ്പിന് നൽകിയ ആകെ 1163066/- രൂപയുടെ (663066 + 500000) ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) വന്നിട്ടില്ല.

3. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.155/23-ജലജീവൻ മിഷൻ പദ്ധതിയ്ക്കായി 600000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) ഉൾപ്പെടുത്തുന്നതിന് പകരം RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (R) ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ 2022-23 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/15.09.23 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത തുക RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) ഉൾപ്പെടുത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത തുകകളെ ബാലൻസ് ഷീറ്റിൽ Advance To Implementing Agencies എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-1-16 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

എ) ബാധ്യത ഹെഡിലെ തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് അടവാക്കുന്നില്ല.

2021-22 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | 2022-23 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350200119 | Recoveries Payable-Covid | 126200 |
| 2 | 350300106 | Government And Other Dues Payable-Revenue Recovery | 7954 |

| | | | |
|---|---|---|---|
| 3 | 350300112 | Government And Other Dues Payable-Value Of Court Fee Stamp | 5195 * |

* 2022-23 ലെ വരവ് തുകയായ 3815/- രൂപ കൂടി ഉൾപ്പെട്ടത്.

ജനപ്രതിനിധികളിൽ നിന്നും കോവിഡിന് വേണ്ടി ഈടാക്കിയ തുകയും കോർട്ട് ഫീ സ്റ്റാമ്പ് ഇനത്തിൽ ലഭിച്ച തുകയും ഒടുക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടില്ലെന്നും ലഭിക്കുന്ന മുറയ്ക്ക് ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ റിക്കവറി തുകകൾ നടപ്പു സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/11.09.23 ന്റെ മറുപടി). തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

ബി) ട്രഷറി അക്കൗണ്ടിൽ ട്രാൻസാക്ഷൻ ഇല്ല

2021-22, 2022-23 വർഷങ്ങളിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ഹെഡ് കോഡ് നം.450210101 ൽ ഉൾപ്പെടുത്തിയിട്ടുള്ള SUB TREASURY KAZHAKOOTTAM (OLD 111) അക്കൗണ്ടിൽ 9760/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. കൂടാതെ ടി അക്കൗണ്ടിന് ട്രാൻസാക്ഷൻ ഇല്ല എന്നും കാണുന്നു. പ്രസ്തുത അക്കൗണ്ട് എന്താവശ്യത്തിനുള്ളതാണെന്ന വിവരം ലഭ്യമാക്കുന്നതിനും വർഷങ്ങളായി ട്രാൻസാക്ഷൻ ഇല്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.5/12.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് സംബന്ധിച്ച് ട്രഷറിയുമായി കത്തിടപാട് നടത്തി ക്ലോസ് ചെയ്ത് തുക നിലനിൽക്കുന്ന അക്കൗണ്ടിലേയ്ക്ക് മാറ്റി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടില്ല

2021-22 ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 340100101 | Contractors EMD | 126231 * |
| 340100102 | Suppliers EMD | 56559 * |
| 340100103 | Bidders EMD | 550083 * |
| 340100201 | Contractors Security Deposit | 239000 |
| 340100301 | Contractors Retention | 491510 * |
| 340100203 | Election Deposit | 65500 |
| 340109901 | Other Deposits | 3000 |
| 340200101 | Rent Deposit | 31000 * |
| 340200102 | Auction Deposit | 284450 * |
| 340200199 | Other Deposits | 34200 |
| 340800101 | Deposit Received From Others | 29500 |

*മുൻവർഷത്തെ ബാലൻസ് തുകകൾ കൂടി ഉൾപ്പെട്ടത്.

Other Deposits എന്ന ഇനത്തിൽ 2 ഹെഡ്ഡുകളിലായി തുക ഉൾപ്പെടുത്തിയിരിക്കുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/12.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. Other Deposits എന്ന ഇനത്തിൽ 2 ഹെഡ്ഡുകളിലെ നീക്കിയിരിപ്പ് തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഡി) വരവ് കുടിശ്ശിക തുകകൾ പിരിച്ചെടുത്തിട്ടില്ല

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിൽ കുടിശ്ശികയുണ്ടായിരുന്ന തുകകൾ ഈ വർഷവും പിരിച്ചെടുത്തിട്ടില്ല.

| ക്രമ നം. | ഇനം | 2021-22, 2022-23 ബാലൻസ് ഷീറ്റ് |
|---|---|---|

| | | പ്രകാരമുള്ള തുക |
|---|---|---|
| 1 | Receivables Towards Public Comfort Station Receipts (Arrear) | 135500 |
| 2 | Receivables Towards Market Receipts (Arrear) | 2180575 |

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 20/15.09.23 ന്റെ മറുപടി).

## 1-2 ബഡ്ജറ്റ്

ഭരണസമിതിയുടെ 21.03.2022 ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. ഭരണസമിതിയുടെ 22.03.2023 ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തു. അത് പ്രകാരം പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 362174162/-രൂപയും പ്രതീക്ഷിത ചെലവ് 346178637/-രൂപയും *നീക്കിയിരിപ്പ്* 15995526/-രൂപയുമാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ പ്രതീക്ഷിത വരവ് 92752462/- രൂപയും ചെലവ് 59646690/- *രൂപയും നീക്കിയിരിപ്പ്* 33105772/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

ബജറ്റ് സംക്ഷിപ്തം

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 21.03.2022 | 22.03.2023 |
| ഭരണ സമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | 3,04,09,744 | 3,56,39,335 |
| വരവ് | 32,50,72,730 | 32,65,34,827 |
| ആകെ | 35,54,82,474 | 36,21,74,162 |
| ചെലവ് | 35,26,74,552 | 34,61,78,637 |
| നീക്കിയിരിപ്പ് | 28,07,922 | 1,59,95,526 |

1. 02.12.2016 ലെ ജി.ഒ.(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ്

സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ബജറ്റിന്റെ വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 55/19.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 34439604 |
| ഓഡിറ്റ് വർഷത്തെ വരവ് | 58312858 |
| ആകെ | 92752462 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 59646690 |
| നീക്കിയിരിപ്പ് | 33105772 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15771676 | 15771676 | 19909890 | -4138214 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8038357 | 8038357 | 6924344 | 1114013 |
| വികസനഫണ്ട് (CFC Tied) | 0 | 9938210 | 9938210 | 4048359 | 5889851 |
| വികസനഫണ്ട് (CFC Untied) | 0 | 5109460 | 5109460 | 3877223 | 1232237 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 6969000 | 6969000 | 6214811 | 754189 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 10732000 | 10732000 | 8670396 | 2061604 |
| CSS | 0 | 0 | 0 | 2846819 | -2846819 |
| SSS | 0 | 0 | 0 | 540000 | -540000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (CFC Tied) | Grant Statement | 4048359 |
| | ACR | 4050009 |
| | Accounts (I-6+ Corresponding Capital Contribution) | 4638456 |
| Development Fund (CFC UnTied) | Grant Statement | 3877223 |
| | ACR | 3877223 |
| | Accounts (I-6+ Corresponding Capital Contribution) | 6364754 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Development Fund (General) ഫണ്ടിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് കാണുന്നു.

2. ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ വരവും സുലേഖ ചെലവുപത്രിക പ്രകാരം ഈയിനത്തിൽ നീക്കിയിരിപ്പുമുണ്ട്.

3. സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 9681754 രൂപയിൽ 6924344 രൂപ മാത്രമാണ് ചെലവഴിച്ചത്. 29% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി വകയിരുത്തണം. എന്നാൽ പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല.

| വിഭാഗം | അടങ്കൽ | ചെലവഴിച്ച | ചെലവ് |
|---|---|---|---|

| | തുക (മറ്റുള്ളവ ഒഴികെ) | തുക (മറ്റുള്ളവ ഒഴികെ) | ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 2555250 | 1496170 | 58.5 |
| കുട്ടികൾ | 2078679 | 1400979 | 67.4 |
| ഭിന്നശേഷിയുള്ളവർ | 200000 | 80000 | 40 |

5. വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്റ്റ് നം./പേര് | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 112/23 – മുട്ടക്കോഴി വളർത്തൽ ജനറൽ വനിത | 648000 |
| കുട്ടികൾ | 215/23 – ചക്കംവിളാകം അങ്കണവാടിയിൽ ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം - വാർഡ് 18 | 126000 |
| ഭിന്നശേഷിയുള്ളവർ | 174/23 – ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട | 120000 |

6. 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8230192 | 6154026 | 74.7 |
| സേവനം | പൊതുവിഭാഗം | 56520221 | 32776120 | 58 |
| | പട്ടിക ജാതി | 24717805 | 9429368 | 38.1 |
| പശ്ചാത്തലം | പൊതുവിഭാഗം | 24401123 | 19591640 | 80.3 |
| | പട്ടിക ജാതി * | 750000 | 0 | 0 |

* തുക ചെലവഴിച്ചിട്ടില്ല.

7. 2022-23 വർഷം ചുവടെ പറയുന്ന പ്രോജക്ടിനായി വകയിരുത്തിയിരുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (എസ്.സി.പി ഫണ്ട്) | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 209/23 | കാട്ടായിക്കോണം പേരുത്തല പട്ടികജാതി കോളനി റോഡ് | 750000 | അസി.എഞ്ചിനിയർ |

| | | | |
|---|---|---|---|
| | കോൺക്രീറ്റിംഗ് | | |

8. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | 2022-23 ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700104 | 79311 * | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 320700105 | 200000 | ജില്ലാപഞ്ചായത്ത് |
| 3 | 320700204 | 16458 | ബ്ലോക്ക് പഞ്ചായത്ത് |
| 4 | 320700205 | 302463 | ജില്ലാപഞ്ചായത്ത് |

* 2021-22 വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന തുക.

9. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.3/12.09.23 നൽകിയെങ്കിലും ക്രമ നം.1 നുള്ള മറുപടി മാത്രമാണ് ലഭ്യമാക്കിയത്. അതു പ്രകാരം എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകളാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി റിപ്പോർട്ടുകളും വാർഷിക ധനകാര്യപത്രികയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 ലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320100162 | Sarva Siksha Abhiyan | 363304 |
| 320200399 | Grants, Funds For Special Purposes- Other Than Development Fund And State Sponsored Scheme - Other | 662 |

| | Purpose | |
|---|---|---|
| 320300199 | Grant For Special Purposes- Other Government Agencies | 46271 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/11.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.


## 1-5 പദ്ധതി അവലോകനം

(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


| 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ:ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
|---|---|---|---|
| ഇനം | ലഭ്യമായ തുക | | |
| വികസനഫണ്ട് പൊതുവിഹിതം, സാധാരണം | 20111000 | 19909890 | 201110 |
| വികസനഫണ്ട് SCP | 8679000 | 6924344 | 1754656 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10732000 | 8670396 | 2061604 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 6969000 | 6214811 | 754189 |
| ആകെ | 46491000 | 41719441 | 4771556 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

(1)




(2)




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 0 | 2217239 | 1683936 | 75 |
| വെറ്റിനറി സർജൻ | 6 | 5 | 0 | 2817000 | 1413388 | 50 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 12 | 12 | | 6116550 | 5906880 | 96 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 6 | 5 | 1 | 1195000 | 494988 | 41 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 5 | 5 | 0 | 1800000 | 1784742 | 99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 15 | 6 | 4674692 | 3294917 | 70 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 12 | 2 | 6888800 | 5846854 | 84 |
| സെക്രട്ടറി | 43 | 38 | 5 | 17275311 | 11772774 | 66 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 49 | 32 | 17 | 39339710 | 23199139 | 58 |
| ഹെഡ് മാസ്റ്റർ | 4 | 3 | 1 | 1307623 | 1204873 | 92 |

| | | | | | | |
|---|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്പെക്ടർ | 5 | 5 | 0 | 4674692 | 3294917 | 70 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 13 | 0 | 5525840 | 4092445 | 74 |
| ഫിഷറീസ് ഓഫീസർ | 1 | 1 | 0 | 200000 | 80000 | 40 |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 22548675 | 19234890 | 88 |
| എസ്.സി.പി. | 9681754 | 6924344 | 71 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 15989556 | 7925582 | 49 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 13102844 | 2846819 | 21 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 8440000 | 540000 | 6 |
| തനത് ഫണ്ട് | 14680722 | 11378694 | 77 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 6715378 | 3020942 | 77 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5480490 | 1817125 | 33 |
| മെയിന്റനൻസ് റോഡ് | 10732000 | 8670396 | 80 |
| മെയിന്റനൻസ് റോഡിതരം | 7062000 | 6214811 | 88 |
| മറ്റുള്ളവ | 17027119 | 1287563 | 7 |

ഡി. ആസൂത്രണ സമിതി

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല. ആസൂത്രണ സമിതി തൻവർഷം മൂന്ന് യോഗങ്ങൾ ചേർത്തിട്ടുണ്ട്. ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചതിന്റെ വിശദാംശം ഓഡിറ്റ് എൻക്വയറി നം. 45 പ്രകാരം ആരാഞ്ഞുവെങ്കിലും മറുപടി ലഭ്യമായില്ല.

ഇ. വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതി തീരുമാനം 2(5)/07.01.2022 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെല്ലാം തന്നെ തൻവർഷം മൂന്ന് യോഗങ്ങൾ വീതമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്റ്റ് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് യോഗ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്റ്റ് രൂപീകരിച്ച് കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | പ്രാദേശിക വികസനം, ചെറുകിട വ്യവസായം | 09.05.2022 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പെട്ടിക്കട – പ്രത്യാശാപദ്ധതി | ഓഡിറ്റ് എൻക്വയറി നം.45 ന് മറുപടി ലഭ്യമാക്കിയില്ല. |
| 2 | വനിതകളുടെയും കുട്ടികളുടെയും വികസനം | 10.05.2022 | അംഗൻവാടികൾക്ക് സ്വന്തം കെട്ടിട നിർമ്മാണം | |
| 3 | പട്ടികജാതി വികസനം | 06.07.2022 | വിദ്യാർത്ഥികൾക്ക് പഠനമുറി | |
| 4 | കുടിവെള്ളം, ശുചിത്വം | 06.07.2022 | വാർഡ് തലത്തിൽ മിനി എം.സി.എഫ് | |
| 5 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | 12.01.2022 | യുവജനങ്ങളിലെ ലഹരി ഉപയോഗം ചെറുക്കുന്നതിന് ബോധവൽക്കരണ പ്രോജക്ടുകൾ | |

എഫ്. സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഭരണ സമിതിയുടെ 1(3)/15.03..2023-ാം നമ്പർ തീരുമാനപ്രകാരം അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കനുസൃതമായി പ്രോജക്റ്റ് രൂപീകരിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറിനം. 45)

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | കൃഷി | അതീവ ഗുരുതരം | ജലദൌർല്ലഭ്യം |
| Ii | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഗുരുതരം | രോഗങ്ങൾ മൂലമുള്ള നഷ്ടങ്ങൾ |
| Iii | ദാരിദ്ര്യ ലഘൂകരണം-തൊഴിലില്ലായ്മ | ഗുരുതരം | ചെറുകിടസംരംഭങ്ങളുടെ അപര്യാപ്തത |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 45/-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി. ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

എച്ച്. വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയിരുന്നെങ്കിലും വായ്പകളൊന്നും ലഭ്യമായില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

ഐ. തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, തൻവർഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

ജെ. നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

കെ. CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

എൽ. മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയത് ലഭ്യമാക്കിയിട്ടില്ല.
പദ്ധതിപ്പണം ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വികസനത്തിനുതകുംവിധം മാർഗരേഖ, ഗവൺമെന്റ് ഉത്തരവുകൾ ഇവയ്ക്ക് വിധേയമായി പരമാവധി ഉപയോഗ്യമാക്കി പദ്ധതി നടത്തിപ്പിന് കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് നിർദ്ദേശിക്കുന്നു.

## 1-6 വിവിധ ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4475900 | 430 |
| വിധവ പെൻഷൻ | 16915700 | 1648 |
| വാർദ്ധക്യകാലപെൻഷൻ | 29561200 | 2964 |
| വികലാംഗപെൻഷൻ | 5027400 | 474 |
| വിവാഹധനസഹായം | 270000 | 9 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ | 333800 | 35 |

## 1-7 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2019 | 08.07.2019 | ലഭ്യമല്ല |
| ഏ.ജി.ഓഡിറ്റ് | 22.10.2020 | 2015-16 മുതൽ 2019-20 വരെ | ലഭ്യമല്ല |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8453 | 1213637 | 1222090 | 1213579 | 8511 * |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 66002599 | 66002599 | 66002599 | 0 |

* B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക.
എന്നാൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 8684/- രൂപയാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3.ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഫോമുകളുടെ രജിസ്റ്റർ ഉണ്ടെങ്കിലും,ആയത് പൂർണ്ണവും കാലികവുമല്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

8) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
9)
10) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2023 ന് 11.00 AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 705/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 രസീത് പരിശോധന.

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 83 പ്രകാരം ഓരോ രസീത് ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറിയോ , സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പുവേക്കേണ്ടതാണ്.
അഗ്രികൾച്ചർ ഓഫീസർ 2022-23 വർഷത്തിൽ കൈപറ്റിയ 9 രസീത് ബുക്കുകൾ (രസീത് ബുക്ക് നമ്പർ: 14232, 14233, 14235, 14236, 2938, 14241, 14244, 14246, 14247 ) മേൽപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ബി) പല രസീതിലും പണം പിരിവിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. (ഉദാ: രസീത് ബുക്ക് നം. 2938, 14241, 14244, 14246, 14247 ). അതിനാൽ ശേഖരിച്ച തുക യഥാസമയം പഞ്ചായത്തിൽ അടച്ചോ എന്ന് അറിയാൻ സാധിക്കുന്നില്ല.
ടി അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/23, 14.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ട്സ് ചട്ടങ്ങൾ കൃത്യമായി പാലിക്കാത്തതിൽ വിശദീകരണം നൽകേണ്ടതും പണമിടപാടുകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ ചുവടെച്ചേർക്കുന്ന അയിരൂപ്പാറ, തച്ചപ്പള്ളി, പുലിവീട്, മഞ്ഞമല എന്നീ വാർഡുകളിലെ ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ചതുരശ്രമീറ്റർ) |
|---|---|---|---|---|
| 1 | 5/372 | ഉണ്ണികൃഷ്ണൻ, ബിന്ദു ഭവൻ, പോത്തൻകോട് | പാർപ്പിടാവശ്യം | 77 $Cm^2$ |
| 2 | 3/311/1 | സീതമ്മ, സജിവിലാസം, തച്ചപ്പള്ളി | പാർപ്പിടാവശ്യം | 80 $Cm^2$ |
| 3 | 8/34 | ശ്രീജ, ശ്രീരാഗം, തേരുവിള | പാർപ്പിടാവശ്യം | 113.95 $Cm^2$ |
| 4 | 8/44 | മണികണ്ഠൻ നായർ, സിനിമോൾ.എസ് വൈശാഖം, തേരുവിള | പാർപ്പിടാവശ്യം | 127. $Cm^2$ |
| 5 | 8/76 | സി.സി. വർക്കി ചക്കാലയിൽ ഹൗസ് അയിരൂപ്പാറ | പാർപ്പിടാവശ്യം | 126.42 $Cm^2$ |
| 6 | 8/228 | എസ്. പ്രേമ, രാജീവ് സൗപർണ്ണിക അയിരൂപ്പാറ | പാർപ്പിടാവശ്യം | 148.64 $Cm^2$ |
| 7 | 15/603 | അവ്വാ ഉമ്മാൾ മേലേപുത്തൻവീട് | പാർപ്പിടാവശ്യം | 65 $Cm^2$ |

സഞ്ചയ സോഫ്റ്റ് വെയറിൽ വിവരങ്ങൾ പ്യൂരിഫിക്കേഷൻ വഴി ഉൾപ്പെടുത്തുന്നതിനായി സോഫ്റ്റ് വെയർ ഓപ്പൺ ആകുന്ന മുറയ്ക്ക് പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി ഉൾപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.54/19.09.2023 -ന് മറുപടിയായി അറിയിച്ചു.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഫീൽഡ്തല പരിശോധന നടത്തി ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക കൃത്യമായി കണ്ടെത്തി ഈടാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12-1 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പോത്തൻകോട് ഠൗൺ, വാവറ അമ്പലം വാർഡുകളിലെ കെട്ടിടങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് 6 (പോത്തൻകോട്)

| Missing From | Missing To | Missing Total |
|---|---|---|
| 43 | 43 | 1 |

| | | |
|---|---|---|
| 99 | 99 | 1 |
| 106 | 106 | 1 |
| 108 | 108 | 1 |
| 135 | 135 | 1 |
| 141 | 142 | 2 |
| 159 | 159 | 1 |
| 235 | 235 | 1 |
| 244 | 247 | 4 |
| 249 | 253 | 5 |
| 255 | 257 | 3 |
| 392 | 392 | 1 |
| 490 | 492 | 3 |
| 498 | 498 | 1 |
| 526 | 526 | 1 |
| 610 | 610 | 1 |
| 647 | 648 | 2 |
| 841 | 841 | 1 |
| 852 | 852 | 1 |
| 877 | 880 | 4 |
| 898 | 900 | 3 |
| 913 | 913 | 1 |
| 917 | 917 | 1 |
| 922 | 922 | 1 |
| 934 | 934 | 1 |
| 944 | 944 | 1 |
| 962 | 962 | 1 |
| | Total | 45 |

വാർഡ് 4 (വാവറ അമ്പലം)

| Missing From | Missing To | Missing Total |
|---|---|---|
| 5 | 5 | 1 |
| 37 | 39 | 2 |
| 69 | 70 | 2 |
| 72 | 72 | 1 |
| 80 | 80 | 1 |
| 82 | 82 | 1 |
| 146 | 146 | 1 |
| 154 | 154 | 1 |
| 180 | 183 | 4 |
| 207 | 207 | 1 |
| 248 | 248 | 1 |
| 358 | 358 | 1 |
| 429 | 430 | 2 |
| 432 | 432 | 1 |
| 451 | 452 | 2 |
| 465 | 465 | 1 |
| 516 | 516 | 1 |
| 579 | 580 | 2 |
| 582 | 645 | 64 |
| 647 | 878 | 231 |
| Total | | 321 |

സഞ്ചയ സോഫ്റ്റ് വെയർ ഓപ്പൺ ആകുന്ന മുറയ്ക്ക് പ്യൂരിഫിക്കേഷൻ വഴി എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.57/20.9.2023-ന് മറുപടിയായി അറിയിച്ചു.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളെ സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി

നിർണയം നടത്തി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-2 വാണിജ്യ സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4(1) ഉപയോഗ ക്രമത്തിനനുസരിച്ച് താഴെപ്പറയുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന്, 203-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതിനിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി, ഓരോ ഇനം കെട്ടിടത്തിനും, സർക്കാർ അവയുടെ ഉപവിഭാഗങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അവയ്ക്കും, ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തു നികുതിനിരക്കുകൾ പൂർണ്ണ സംഖ്യയിൽ ഗ്രാമപഞ്ചായത്ത് പ്രമേയംമൂലം നിശ്ചയിക്കേണ്ടതാണ്. 100 ച.മീ. കൂടുതലുള്ള സ്ഥാപനങ്ങൾക്ക് ച.മീറ്ററിന് 50/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ വെയർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി 0 എന്നും, അടിസ്ഥാന വസ്തുനികുതി നിരക്ക് 6 എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | സ്ഥാപനം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം | തറ വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | 6/414(2) | ടൂർസ് & ട്രാവത്സ് കെ.എച്ച് ടവർ | കെ.എച്ച്. മുഹമ്മദ് മൗലവി | പാർപ്പിടാവശ്യം | 106 ച.മീ. |
| 2 | 11/428 | കുമാർ ബേക്കറി | ഗോപാലകൃഷ്ണൻ നായർ | പാർപ്പിടാവശ്യം | 180 ച.മീ. |

നികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് മറുപടി (ഓഡിറ്റ് എൻക്വയറി നം.69/21.9.2023) ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വാർഡുകളിലും ഫീൽഡ്തല പരിശോധന നടത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-3 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല

സഞ്ചയ പരിശോധിച്ചതു പ്രകാരം ചുവടെ ചേർക്കുന്ന മെബൈൽ ടവറിന്റെ 2021-22, 2022-23 വർഷങ്ങളിലെ വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല.

| Building ID | Door No. | Owner Name | Owner Address | Year | Period | Pro. Tax | L.C | Total |
|---|---|---|---|---|---|---|---|---|
| 50272010019147 | 4/100/1 | Asst. General Manager | BSNL | 2021-22 | 1st Half<br>II Half | 6045<br>6045 | 303<br>302 | 6348<br>6347 |
| | | | | 22-23 | 1st Half<br>II Half | 6045<br>6045 | 303<br>302 | 6348<br>6347 |
| Total | | | | | | | | 25390 |

മൊബൈൽ ടവറിന്റെ വസ്തുനികുതിയായ 25390/- രൂപ പിരിച്ചെടുത്തിട്ടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.56/20.9.2023)

മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലേലം സംബന്ധിച്ചുള്ള അപാകങ്ങൾ

2022-23 വർഷത്തെ ലേല നടപടികളുമായി ബന്ധപ്പെട്ട് ലേല രജിസ്റ്റർ അപൂർണ്ണം. ലേല പരസ്യത്തീയതി വ്യക്തമല്ല. ലഭ്യമായത് പുനർലേല പരസ്യത്തിന്റെ വിവരങ്ങളാണ്. ലഭ്യമാക്കിയ ഫയൽ, രജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചത് പ്രകാരം പോത്തൻകോട് പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ്, പോത്തൻകോട് കംഫർട്ട് സ്റ്റേഷൻ, വേങ്ങോട് മാർക്കറ്റ് ഗേറ്റ് ഫീസ് എന്നിവ ലേലം കൊണ്ട വ്യക്തികൾ 2022-23 വർഷം ലേലതുക അടവാക്കാനുള്ളതായി

കാണുന്നു. ലേല രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2022-23 വർഷത്തിലെയും മുൻവർഷങ്ങളിലെയും ലേല കുടിശ്ശിക അടവുവരുത്താൻ സ്വീകരിച്ചതിന്റെ നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട അന്വേഷണ കുറിപ്പ് നം.4/12.9.2023 – ന് മറുപടി ലഭ്യമാക്കിയില്ല.

## 1-13-1 കടമുറി വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ മാർക്കറ്റ് സ്റ്റാളിലെ 1,2 സ്റ്റാളുകൾക്ക് 25.4.2022 ലെ 2/1, 2/2 നമ്പർ തീരുമാനങ്ങൾ പ്രകാരം കൂടിയ നിരക്കുകൾ (11500), (10550) ലേലം വിളിച്ച ശ്രീമതി. സൗമ്യ.ഐ.എസ്, സൗമ്യ ഭവൻ, കാട്ടായിക്കോണം, ശ്രീ. അഭിലാഷ്.എസ്, ഒരുവാമൂല വീട്, കാട്ടായിക്കോണം, എന്നിവർക്ക് ലേലം സ്ഥിരപ്പെടുത്തി നൽകിയിരുന്നു. എന്നാൽ ലേലരജിസ്റ്ററിൽ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പോത്തൻകോട് ഷോപ്പിംഗ് കോംപ്ലക്സിലെ സ്റ്റാൾ നം.3,4, 11, 14, 15, 16, 1st Floor VI(363), വേങ്ങോട് ഷോപ്പിംഗ് കോംപ്ലക്സിലെ സ്റ്റാൾ നം. 1, 2, 4 കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കാൻ ലഭ്യമാക്കാൻ ആവശ്യപ്പെട്ട എൻക്വയറി നം. 4/12.9.2023-ന് മറുപടി ലഭ്യമാക്കിയില്ല.

## 1-14 വിനോദനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/തസ്വഭവ പ്രകാരം 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഇ-ടിക്കറ്റുകൾ നിലവിൽ വരുന്നതുവരെ സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ 2022-23 വർഷവും നഗരസഭാപരിധിയിൽ പ്രവർത്തിച്ചുവരുന്ന എം.ടി. സിനിപ്ലക്സ് എന്ന സിനിമ തിയറ്ററിൽ നിന്നും വിനോദനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത തീയറ്ററിൽ നിന്നും വിനോദനികുതി ഈടാക്കിയ ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 33/15.9.2023-ന് മറുപടിയായി അറിയിച്ചു.

ഒരു തദ്ദേശ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന സിനിമാ തീയറ്ററുകൾക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമങ്ങൾ, ചട്ടങ്ങൾ അനുസരിച്ച് വിനോദനികുതിയും, ലൈസൻസും കൃത്യമായി ഈടാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കുകയോ,ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല.

994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1999 ലെ കേരള പഞ്ചായത്ത് രാജ് (ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയം രജിസ്ട്രേഷൻ ) ചട്ടങ്ങൾ, ചട്ടം 3(2) മുതൽ 5(1) വരെ എന്നിവ പ്രകാരം, ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കുകയും, എല്ലാവർഷവും പുതുക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ പോത്തൻകോട് പഞ്ചായത്ത് ഓഫീസിനു സമീപത്തായി പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ആശുപത്രി രജിസ്ട്രേഷൻ എടുക്കുകയോ, ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല.

1.കീർത്തി ഡെന്റൽ ക്ലിനിക്
2.D-careഡെന്റൽ ക്ലിനിക്
3.ശാന്തിഗിരി ഡെന്റൽ ക്ലിനിക്
4.M.R ഹോമിയോ ക്ലിനിക്
5.കാരുണ്യാ ഹോസ്പിറ്റൽ
6.മദീനാ ഹോസ്പിറ്റൽ
7.Doctors’ Consulting Hub.

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം52.ന് മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുകയും മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ , ലൈസൻസ് എടുക്കാൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

## 1-16 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

ലൈസൻസ് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാർ ഉത്തരവു നം.2511/17/തസ്വഭവ,തീയതി 22-7-17 ൽ നിഷ്കർഷിക്കുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ

നിലവിലുള്ളതും പുതുതായി ആരംഭിച്ചതുമായ വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 27ന് മറുപടി നൽകുകയോ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. ലൈസൻസ് എടുക്കാതെ ഗ്രാമ പഞ്ചായത്ത്പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളുടെ വിവരം ടി രജിസ്റ്ററുകളിൽ ലഭ്യമല്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന പൂർണ്ണമായ വിവരത്തിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത്പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തുക സാധ്യമല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നതിനാലും ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം കുറയും എന്നതിനാലും ഗ്രാമ പഞ്ചായത്ത്പരിധിയിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകങ്ങൾ

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 സ.ഉ.(പി)നം.80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ചട്ടം 5 പ്രകാരം ലൈസൻസ് ലഭിക്കുന്നതിനു ആവശ്യമായ രേഖകളടക്കം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

എ) ഗ്രാമപഞ്ചായത്തിൻറെ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ, ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം എത്രയാണെന്നോ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം ഏതാണെന്നോ ഉള്ള വിശദാംശം അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ | അടച്ച ഫീസ് (രൂപ) |
|---|---|---|---|---|
| 1 | വികാസ് ജി | വികാസ് ട്രേഡേഴ്സ് | 6 | 1000/- |
| 2 | ശ്യാംകുമാർ എ | സമുദ്ര ഡിസ്ട്രിബ്യൂട്ടേഴ്സ് | 4 | 1000/- |
| 3 | സ്വയം പ്രഭ | അശ്വതി ഏജൻസീസ് | 18 | 1000/- |

ബി) ലൈസൻസിനുള്ള ചില അപേക്ഷകൾ അപൂർണമാണ്. ലൈസൻസ് ആവശ്യമായ സ്ഥലത്തിൻറെ വിസ്തീർണം, അതിരുകൾ, മേഖല, അപേക്ഷകൻറെ കുടിശ്ശിക വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്നപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമാണയന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ. ആക്ട് വകുപ്പ് 232 പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക 3 ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ ചില സ്ഥാപനങ്ങൾക്ക് യന്ത്രങ്ങളുടെ നടത്തിപ്പിന് തുക ഈടാക്കുകയോ യന്ത്രശക്തി എത്രയാണെന്ന് അപേക്ഷയിലോ രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഉദാഹരണം:

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ, തീയതി | യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|---|
| 1 | അജിത.ആർ.കെ | അത്തം ഫ്ലോർ മിൽ | 214, 29.4.22 | 10 HP |
| 2 | സബീന.ജെ | സബീന | 247, 19.5.22 | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | ഫ്ലോർമിൽ | | |
| 3 | പി വാരിജാക്ഷൻ | ഫ്ലോർ മിൽ | 153, 26.4.22 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | കെ വിജയകുമാർ | വൈശാഖ് എഞ്ചിനീയറിംഗ് വർക്സ് വെൽഡിംഗ് | 152, 24.4.22 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | സതീശൻ കെ | ഹോളോബ്രിക്സ് നിർമാണം | 169, 22.4.22 | രേഖപ്പെടുത്തിയിട്ടില്ല |
| 6 | ഷാജി പി | സാ മിൽ | 235, 17.5.22 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | വി ജെ സന്തോഷ് കുമാർ | ഹോളോബ്രിക്സ് ഡിസൈനർ ടൈൽ നിർമാണം | 255, 27.5.22 | രേഖപ്പെടുത്തിയിട്ടില്ല |
| 8 | താര എം | ഫ്ലോർ മിൽ | 345, 8.6.22 | രേഖപ്പെടുത്തിയിട്ടില്ല |
| 9 | ജയശ്രീ കെ | ശ്രീമുരുകാ ഫ്ലോർ മിൽ | 545, 16.8.22 | രേഖപ്പെടുത്തിയിട്ടില്ല |
| 10 | എസ് സെയ്ദ് | ബിസ്മി ഫ്ലോർ &ഓയിൽ മിൽ | 554, 20.8.22 | രേഖപ്പെടുത്തിയിട്ടില്ല |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53/23, 19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ വിശദീകരണം നൽകേണ്ടതും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16-2 ജിംനേഷ്യങ്ങൾക്ക് ലൈസൻസ് ഉറപ്പുവരുത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01-08-2022 ലെ നം.എൽഎസ് ജിഡി-ആർഡി1/47/2022 സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2022-23 വർഷത്തിൽ പ്രവർത്തിച്ച എല്ലാ ജിംനേഷ്യങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (61/23, 20.09.2023) മറുപടിയായി ആ വർഷം പ്രവർത്തിച്ചതും, ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമായ കലോറി മൾട്ടി ജിം എന്ന സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. വരും വർഷങ്ങളിൽ മേല്പറഞ്ഞ സർക്കറിലെ നിർദ്ദേശം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഓഡിറ്റോറിയം, ഹാൾ-ലൈസൻസ് എടുത്തിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ വിവാഹ ചടങ്ങുകൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1.രാജശ്രീ ആഡിറ്റോറിയം, പോത്തൻകോട്.

2.MT ഹാൾ, പോത്തൻകോട്.

3.J.K ഓഡിറ്റോറിയം, പോത്തൻകോട്.

4.ക്രസന്റ് ഓഡിറ്റോറിയം, പോത്തൻകോട്.

5.ബാലഭദ്രാദേവി ഓഡിറ്റോറിയം, പോത്തൻകോട്.

6.പണിമൂല ദേവി ക്ഷേത്രം ഓഡിറ്റോറിയം, പോത്തൻകോട്.

7.SNDP ഹാൾ, പോത്തൻകോട്.

സഫർലാന്റ് ഹോട്ടൽ-ആഡിറ്റോറിയം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ, ലൈസൻസ്

എടുത്തിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തൽ ഇല്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം23) ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റോറിയം, ഹാൾ എന്നിവയിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ എന്നിവ പ്രകാരം, ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി -അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ചുവടെ ചേർക്കുന്നു.

### 1-18-1 തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

കേരള തൊഴിൽ നികുതി ചട്ടങ്ങൾ ,ചട്ടം 205(l) പ്രകാരം,ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ടുള്ള വാർഡു തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പോത്തൻകോട് പഞ്ചായത്തില്2022-23 വർഷം അപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27)മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്ന സ്ഥാപനങ്ങളെ മാത്രം വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ ഗ്രാമ പഞ്ചായത്ത്പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളുടെ വിവരം ടി രജിസ്റ്ററുകളിൽ ലഭ്യമല്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന പൂർണ്ണമായ വിവരത്തിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത്പരിധിയിൽ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ,സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തുക സാധ്യമല്ല. തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നതിനാലും ഈയിനത്തിലുള്ള വരുമാനം കുറയും എന്നതിനാലും ഗ്രാമ പഞ്ചായത്ത്പരിധിയിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

### 1-18-2 സിനിമാശാലകൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സിനിമാശാലകൾ പ്രതിവർഷം, 2500/- രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ സിനിമാ പ്രദർശനം നടന്നിട്ടുള്ളതായി വിനോദ നികുതി രജിസ്റ്ററിൽ രേഖപ്പെ ടുത്തിയിരിക്കുന്നു.

1.M.T സിനിമാസ്.

2.H.K.സിനിമാസ്.

എന്നാൽ ടി സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററുകളിൽ കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23) മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

### 1-18-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ 26 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത കരാറുകാരിൽ ആകെ അഞ്ചു പേർ മാത്രം രണ്ടാം അർദ്ധവർഷം 1250 രൂപ നിരക്കിൽതൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കരാറുകാർ എല്ലാം തന്നെ വർഷങ്ങളായി കോണ്ട്രാക്ടർ ലൈസൻസുള്ളവരാണെന്ന് മരാമത്ത് പ്രവൃത്തി ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസ് പകർപ്പുകളിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 2 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-18-4 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ഐ) പ്രകാരം, തൊഴിൽ നികുതി നിലവിലുള്ളതും പുതുതായി നിലവിൽ വന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിനടുത്തുള്ള രണ്ടു വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ,താഴെപറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ,തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

1.U.K ഫിനാൻസ്
2.കൊശമറ്റം ഫിനാൻസ്
3.കേശവാഫിനാൻസ്
4.പിള്ളയാർ ഫിനാൻസ്
5.കോർട്ടൺ ഫിനാൻസ്-വാവറ അമ്പലം
6.ക്യാപിറ്റൽ ഫിനാൻസ്-വാവറ അമ്പലം
7.ഓറിയന്റ് ഫിനാൻസ്
8.HDFC ബാങ്ക്.

കൊശമറ്റം ഫിനാൻസ് എന്ന സ്ഥാപനം പഞ്ചായത്തിന്റെ സ്ററാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. മേൽ സ്ഥാപനങ്ങളെ വരും വർഷങ്ങളിൽ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും, ജീവനക്കാരുടെ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.26 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-18-5 സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം, സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 വർഷം, പഞ്ചായത്ത് ഓഫീസിനടുത്തുള്ള രണ്ടു വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ,താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുകയോ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

1. പോത്തൻ കോട് ക്ഷീര സഹകരണ സംഘം
2.അണ്ടൂർക്കോണം സർവ്വീസ് സഹകരണ ബാങ്ക്,കൊയ്ത്തൂർക്കോണം ശാഖ.
3.തിരുവനന്തപുരം ജില്ലാ ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം,പോത്തൻ കോട് ശാഖ.
4.തിരുവനന്തപുരം ജില്ലാ കാർഷിക ക്ഷേമ സഹകരണ സംഘം,പോത്തൻ കോട് ശാഖ.

ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.49 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-18-6 സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം വിറ്റുവരവുള്ള സ്ഥാപനങ്ങൾ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രതിവർഷം, വരുമാനത്തിന് ആനുപാതികമായ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.(A) ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം താഴെപറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി,തൊഴിൽ നികുതി രജിസ്റ്ററിലോ, സ്റ്റേറ്റ്മെന്റിലോ രേഖപ്പെ ടുത്തൽ ഇല്ല

1.സ്റ്റാർ ഹെൽത്ത് ഇൻഷ്വറൻസ്
2.മേരിമാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ
3.ശ്രീനാരായണ ഗുരുകൃപാ B.Ed. കോളജ്.
4.നിസാമിയാ പബ്ലിക് സ്കൂൾ.

ടി സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തൽ ഇല്ല.
B)താഴെ പറയുന്ന സ്ഥാപനങ്ങൾ ഒന്നാം അർദ്ധ വർഷം മാത്രമേ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളൂ.
1.SMC ലാബ്
2.മുദ്രാ മൈക്രോഫിനാൻസ്.
3.മുത്തൂറ്റ് ഫിനാൻസ്
4.ICIC ഫിൻകോർപ്പ്

താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധ വർഷം മാത്രമേ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളു.
1.കണ്ണാട്ട് ഫിനാൻസ്
2.S.R.ഹോസ്പിറ്റൽ
3.സഫ ഹോസ്പിറ്റൽ
ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 25) മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-18-7 തൊഴിൽ നികുതി-ഭാഗികമായി അടച്ചിരിക്കുന്നു.

(A)ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ ഒന്നാം അർദ്ധവർഷം മാത്രമേ ,സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയും, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയും ചെയ്തിട്ടുള്ളു.
1.പ്രോമി ഡെന്റൽ ക്ലിനിക്
2.മുദ്രാ മൈക്രോഫിനാൻസ്
3.3F ഇൻഡസ്ട്രീസ്
4.H.K സിനിമാസ്
5.ഡോ.ഗോപിനാഥ്സ് ഡയഗ്നോസ്റ്റിക് സർവ്വീസ്.
(B)താഴെപറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധവർഷം മാത്രമേ ,സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയും, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയും ചെയ്തിട്ടുള്ളു.
1.കണ്ണാട്ട് ഫിനാൻസ്
2.KLM-Axiva ഫിൻകോർപ്പ്
3.ഹോട്ടൽ വിക്ടോറിയ.
4.കിംസ് ഹെൽത്ത്
5.മണക്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി
6.സഫ ഹോസ്പിറ്റൽ
7.ക്രെഡിറ്റ് അക്സസ് ഗ്രാമീൺ ലിമിറ്റഡ്
8.ഹോട്ടൽ സിറ്റി ലൈറ്റ്
9.അറേബ്യൻ ഫാഷൻ ജൂവലറി
10.ജംലാൽ ഖൈറാ ഫൌണ്ടേഷൻ
11.MSP ഓക്സി സൊല്യൂഷൻ
ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം22.ന് മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് പൂർണ്ണ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-18-8 ഡോക്ടർമാർ തൊഴിൽ നികുതി അടച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 4, 5 എന്നിവ പ്രകാരം ഡോക്ടർമാർ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.
A)പോത്തൻകോട് ഗ്രാമ പഞ്ചായത്തിലെ 2022-23 വർഷത്തെ ആശുപത്രി രജിസ്ട്രേഷൻ അപേക്ഷകൾ പരിശോധിച്ചതിൽ കിംസ് മെഡിക്കൽ സെന്റർ-ഹെൽത്ത് സെന്റർ എന്ന സ്ഥാപനത്തിൽ നാലു ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നതു കണ്ടു. ടി ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടുള്ളതായി രേഖപ്പെടുത്തൽ ഇല്ല.
B)2022-23 വർഷത്തെ ആശുപത്രി രജിസ്ട്രേഷൻ എടുത്ത ഡോക്ടർമാർ എല്ലാം 55 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ചതായി മാത്രമേ ഫയലിൽ രേഖപ്പെടുത്തൽ ഉള്ളൂ. ടി ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടുള്ളതായി രേഖപ്പെടുത്തൽ ഇല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡോക്ടറുടെ പേര് |
|---|---|---|
| 1 | അൽ-ഷിഫാ ദന്താശുപത്രി | ഡോ.ഷിബി.R. |
| 2 | ലോപമുദ്രാ സിദ്ധാ ഹെൽത്ത് കെയർ സെന്റർ | ഡോ.ആതിര.G.J |
| 3 | CIty Dent ഡെന്റൽ ക്ലിനിക് | ഡോ.നീതു,B.N |
| 4 | S.Rഹോസ്പിറ്റൽ | ഡോ.കമലാബായി |
| 5 | റീലീഫ് ഡെന്റൽ ഹോസ്പിറ്റൽ | ഡോ.ഷംനാദ് |

| | | |
|---|---|---|
| 6 | D-Design മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | ഡോ.അഭിലാഷ് |
| 7 | ഹോമിയോ ക്ലിനിക് | ഡോ.ഷൈൻ സാമുവൽ |
| 8 | ഹോമിയോലൈറ്റ് ഹോമിയോ ക്ലിനിക് | ഡോ.ജിഷാ ഷാജഹാൻ |
| 9 | വൈറ്റ്സ്മൈൽഡെന്റൽ ക്ലിനിക് | ഡോ.സിജിൻ.H.S |

ഇത സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം25.ന് മറുപടി ലഭ്യമായില്ല.ടി ഡോക്ടർമാരിൽ നിന്ന്തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-18-9 രജിസ്ട്രേഷൻ ഇല്ലാത്ത ആശുപത്രിയിലെ ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 4, 5 എന്നിവ പ്രകാരം ഡോക്ടർമാർ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. എന്നാൽ പോത്തൻകോട് പഞ്ചായത്തിന സമീപം പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ആശുപത്രി രജിസ്ട്രേഷൻ എടുക്കുകയോ, ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല. അവിടങ്ങളിലെ ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടുമില്ല.

1. കീർത്തി ഡെന്റൽ ക്ലിനിക്
2. D-careഡെന്റൽ ക്ലിനിക്
3. ശാന്തിഗിരി ഡെന്റൽ ക്ലിനിക്
4. M.R ഹോമിയോ ക്ലിനിക്
5. കാരുണ്യാ ഹോസ്പിറ്റൽ(24 മണിക്കൂറും പ്രവർത്തിക്കുന്നു.*)
6. മദീനാ ഹോസ്പിറ്റൽ(2 ഡോക്ടർമാരും 1 ഫിസിയോ തെറാപ്പിസ്റ്റും*)
7. Doctors' Consulting Hub.(*3 ഡോക്ടർമാർ)

(*പരസ്യ ബോർഡുകളിലെ രേഖപ്പെടുത്തൽ പ്രകാരം.)

ഇത സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം52.ന് മറുപടി ലഭ്യമായില്ല. ടി ഡോക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-19 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ സംബന്ധിച്ച അപാകതകൾ.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വീടിന്റെ വിസ്തീർണ്ണം, പെർമിറ്റ് ഫീസ് എന്നിവ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല എന്ന കണ്ടു. കൂടാതെ ലഭിക്കുന്ന അപേക്ഷകളിൽ തുടർ നടപടി എടുത്ത് പെർമിറ്റ് അനുവദിക്കുന്നതിൽ വലിയ കാലതാമസം വരുന്നതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | അപേക്ഷ നം/തീയതി | പെർമിറ്റ് നം /തീയതി |
|---|---|---|---|
| 01 | അശ്വതി.വി.കെ | 3352/23.05.2022 | അനുവദിച്ചിട്ടില്ല |
| 02 | മോഹനൻ /അനു | 3591/22-01.06.2022 | അനുവദിച്ചിട്ടില്ല |
| 03 | അബ്ദു മജീദ് | 3961/22-17.06.2022 | 315117/22-07.10.2022 |
| 04 | നാരായണ പിള്ള | 3962/22-17.06.2022 | 382736/22-22.10.2022 |
| 05 | എ.സലാഹുദ്ദീൻ | 3962/22-17.06.2022 | 336741/22-27.10.2022 |
| 06 | അനില.എൽ.ആർ | 4687/22-16.07.2022 | 3942563/22-13.12.22 |
| 07 | നജ്മുദീൻ/സുബീദ | 7020/20.10.2022 | 166961/23-12.05.2023 |
| 08 | ഷാജി. ബി | 9018/22-26.12.2022 | 172051/23-18.05.2023 |
| 09 | സലാഹുദ്ദീൻ/നസിയ | 9835/22-23.12.2022 | 129700/23-5.04.2023 |
| 10 | നിഹാസ് അബ്ദുൾ ഹമീദ് | 9923/22-26.12.2022 | 172051/23-18.05.2023 |

2) രജിസ്റ്റർ പരിപാലനം അപൂർണ്ണമാണ്. പെർമിറ്റുകൾ നൽകിയതിനെ സംബന്ധിച്ച വിസ്തീർണ്ണം, ഫീസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെർമിറ്റ് നം | പരാമർശം |
|---|---|---|---|
| 01 | ചന്ദ്രശേഖരൻ | 174274/22-27.05.2022 | വിസ്തീർണ്ണം, പെർമിറ്റ് ഫീ എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 02 | ഹഫീസ് റഹ്മാൻ | 206521/22-22.06.2022 | ll |

| | | | |
|---|---|---|---|
| 03 | സജിനാബീവി | 159868/22-16.05.2022 | തറ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല, |
| 04 | സുനിൽകുമാർ എസ് | 409032/22-26.12.2022 | വിസ്തീർണ്ണം, പെർമിറ്റ് ഫീ – രേഖപ്പെടുത്തിയിട്ടില്ല |
| 05 | പ്രദീപൻ കെ | 203780/22-12.06.2022 | പെർമിറ്റ് ഫീ രേഖപ്പെടുത്തിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 68/21.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ വിവരം രേഖപ്പെടുത്തേണ്ടതും,പെർമിറ്റ് നൽകുന്നതിൽ കൃത്യമായ സമയക്രമം പാലിക്കേണ്ടതുമാണ്.

## 1-20 തെരുവു വിളക്ക പരിപാലനം-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 152/23 |
| പ്രോജക്ടിന്റെ പേര് | അടാട്ട് മോഡൽ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 588560 രു. |
| ചെലവ് | 582620 രു. |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) കേടായ സാധനങ്ങൾ അതതു ദിവസം നഗരസഭയിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ.ഉ(സാ ധാ) നം.2134/2015/ ത.സ്വ.ഭ.വ തീയതി : 15-5-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

3) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4) നിർവ്വഹണ ഉദ്യോഗസ്ഥന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

5) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പരാതി രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ല.

6)സർക്കുലർ നം.177/DA3/2018/തസ്വഭവ. തീയതി:7-11-17-ൽ നിഷ്കർഷിച്ചിട്ടുള്ള വിധം റീടെൻഷൻ തുക കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.7) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

2022-23 വർഷം പോത്തൻകോട് ഗ്രാമ പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEB, KWA, ഭൂജലവകുപ്പ് എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ, വിവിധ പദ്ധതികൾക്കുള്ള പഞ്ചായത്ത് വിഹിതമായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.10)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | തുക (രൂപ) | ചെക്ക് നം. തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 50, പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 11805 | 22/19-5-22 | സെക്രട്ടറി. |
| 2 | 50, പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 25624 | 48/21-6-22 | സെക്രട്ടറി. |
| 3 | 57, ബോർവെൽ നിർമ്മാണം | ഭൂജല വകുപ്പ് | 66000 | 169/8-12-22 | സെക്രട്ടറി. |
| 4 | 28, ബോർവെൽ നിർമ്മാണം | ഭൂജല വകുപ്പ് | 213573 | 259/2-2-23 | സെക്രട്ടറി. |
| 5 | 193, ബോർവെൽ നിർമ്മാണം | ഭൂജല വകുപ്പ് | 95083 | 388/18-3-23 | സെക്രട്ടറി. |
| 6 | 194, ബോർവെൽ നിർമ്മാണം | ഭൂജല വകുപ്പ് | 100410 | 389/18-3-23 | സെക്രട്ടറി. |
| 7 | 196, ബോർവെൽ നിർമ്മാണം | ഭൂജല വകുപ്പ് | 88000 | 347/14-3-23 | സെക്രട്ടറി. |
| 8 | 196, ബോർവെൽ നിർമ്മാണം | ഭൂജല വകുപ്പ് | 100000 | 302/28-2-23 | സെക്രട്ടറി. |
| 9 | 149, DPC മന്ദിരം -പഞ്ചായത്ത് വിഹിതം | DPC | 350000 | 91/26-9-22 | സെക്രട്ടറി. |
| 10 | 214, അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് | ശുചിത്വ മിഷൻ | 25000 | 257/2-2-23 | സെക്രട്ടറി. |
| 11 | 189,ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം | ജില്ലാ പഞ്ചായത്ത് | 96000 | 432/25-3-23 | സെക്രട്ടറി. |
| 12 | 37, പാഥേയം | ജില്ലാ പഞ്ചായത്ത്-സെക്രട്ടറി) | 524160 | | അസിസ്റ്റന്റ് സെക്രട്ടറി. |

എന്നാൽ ടി പ്രവൃത്തികൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സ.ഉ (കൈ) നം.84/2022/തസ്വഭവ,തീയതി 19/4/2022 നമ്പർ ഉത്തരവിലെ ഖ.12-2-Dപ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ വാഹനങ്ങൾ മുതലായ ആസ്തികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി, സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം 62/23 ൽ ഉൾപ്പെടുത്തി, 453604/- രൂപ ചെലവഴിച്ച് ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങിയിട്ടുണ്ട്. ടി വാഹനം, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 47) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2. ജനറൽ കമ്മിറ്റിയുടെ വിവിധ തീരുമാനങ്ങൾ പ്രകാരം വിവിധ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ടി തീരുമാനം നടപ്പിലായതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

| ക്രമ നം. | തീരുമാനം നം., തീയതി | വസ്തു വിവരം | റിമാർക്സ് |
|---|---|---|---|
| 1 | 5-1, 18-10-22 | വാവറ അമ്പലം -താളംകോട് റോഡ് | ഉൾപ്പെടുത്തൽ |

| | | | |
|---|---|---|---|
| 2 | 1-4, 8-2-23 | താന്നിവിള-കാട്ടായിക്കോണം റോഡ് | വീതി കൂട്ടി കാലികമാക്കൽ |
| 3 | 2-11, 22-3-23 | വാവറ-കൊച്ചുവിള-വില്ലേജ് ഓഫീസ് റോഡ് | വീതി കൂട്ടി കാലികമാക്കൽ |

സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല.

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ- ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ., തീയതി 19/4/22 ലെ ഖണ്ഡിക 8-14, പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതും റോഡ് വികസനം, റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. അതോടൊപ്പം തന്നെ, സ്വാഭാവിക ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലുള്ള റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് സംവിധാനം ഉറപ്പു വരുത്തണം. പോത്തൻകോട് ഗ്രാമ പഞ്ചായത്ത് തൻവർഷം നിരവധി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, റോഡുമായി ബന്ധപ്പെട്ട ഓടകൾ, സൈഡുവാളുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയല്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുവേണ്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും (പ്രോജക്ട് നം. S025/23) ആയത് നടപ്പിലായിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.48) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല.

ജി.ഒ.(എം.എസ്)നം.72/2017ത.സ്വ.ഭ.വ. 29.03.2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2022-23 വർഷം ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകളിൽ 5 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം,പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | S024, അംഗൻവാടി നവീകരണം | അസി.എഞ്ചിനീയർ |
| 2 | S025, റോഡ് കണക്ടിവിറ്റി മാപ്പ് | അസി.എഞ്ചിനീയർ |
| 3 | S0201, റിട്രോഫിറ്റിംഗ് | വി.ഇ.ഒ |
| 4 | S077, സോഴ്സ് ലെവൽ സെഗ്രിഗേഷൻ ബാഗ് | വി.ഇ.ഒ |
| 5 | S076, വീടുകളിൽ ബയോകംപോസ്റ്റ് ബിൻ | വി.ഇ.ഒ |

സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. നടപ്പിലാക്കാത്ത മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. ഇവയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ഫണ്ടുകൾ പാഴാകാനുള്ള സാധ്യതയുണ്ട്. ഓഡിറ്റ് അന്വേഷണം -59/ 2023 തീയതി: 20.09.2023 പ്രകാരം ഈ വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

## 1-25 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 45/23 |
| പദ്ധതി അടങ്കൽ | 200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| പദ്ധതി ചെലവ് | 200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| എ സി ആർ ബിൽ നം /തീയതി | 102/03.10.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ |

| | |
|---|---|
| പദ്ധതിയുടെ പേര് | എൻ എച്ച് എം ഹോമിയോ മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 190/23 |
| പദ്ധതി അടങ്കൽ | 100000 (തനത് ഫണ്ട് ) |
| പദ്ധതി ചെലവ് | 100000 (തനത് ഫണ്ട് ) |
| ചെക്ക് നം. /തീയതി | 100062/ 29.11.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ |

എ) പദ്ധതി നമ്പർ 45/23 പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് 200000/- രൂപ അനുവദിച്ചതിൽ 01-08-2023 ന 97822/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത് (Invoice No. LF 663, Date 25.07.2023). ബാക്കി 102178/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

ബി) പദ്ധതി നമ്പർ 190/23 പ്രകാരം ഹോമിയോ മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയിസ് PF-957, തീയതി 06.12.2022 അടിസ്ഥാനത്തിൽ ഹോംകോയ്ക്ക് 100000/- കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/14.09.2023) മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – എസ്.സി. |
| പദ്ധതി നമ്പർ | 167/23 |
| പദ്ധതി അടങ്കൽ | 679679/-രൂ. (വികസന ഫണ്ട് എസ്സിപി) |
| പദ്ധതി ചെലവ് | 679679/-രൂ. (വികസന ഫണ്ട് എസ്സിപി)<br>ബിൽ നം.-210/7-1-23-195000 രൂ.<br>ബിൽ നം.-305/28-2-23-430000 രൂ.<br>ബിൽ നം.-443/27-3-23-54679 രൂ. |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന കോഴ്സ് പരിഗണിച്ച് സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. എന്നാൽ പ്രോജക്ട് ഫയൽ, ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന വിദ്യാർത്ഥികൾ പോളിടെക്നിക് ഡിപ്ലോമാ കോഴ്സിനാണ് പഠിക്കുന്നത്.

A) പാർത്ഥിവ് സുനിൽ

B) ആനന്ദ് ബാബു.എസ്.

C) അരവിന്ദ്.എസ്.ബാബു.

ടി വിദ്യാർത്ഥികൾക്ക് ജി.ഒ. (എം.എസ്) 115/2022/ത.സ്വ.ഭ.വ. തീയതി 28-5-22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7-2-4 പ്രകാരം അർഹമായ പ്രതിവർഷ സ്കോളർഷിപ്പ് തുക 20000/- രൂപയാണ്. എന്നാൽ ടി വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.

2. അഷ്ന എന്ന വിദ്യാർത്ഥിനി BBA കോഴ്സിനാണ് പഠിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7-2-4 പ്രകാരം ടി വിദ്യാർത്ഥിനിക്ക് അർഹമായ പ്രതിവർഷ സ്കോളർഷിപ്പ് തുക 20000/- രൂപയാണ്. എന്നാൽ 25000/- രൂപ അനുവദിച്ചിട്ടുണ്ട്.

3. നീതു ഷാജി എന്ന വിദ്യാർത്ഥിനി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ടിയാൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

ടി വിദ്യാർത്ഥിനിയെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ് എന്നും അധികമായി നല്കിയ തുക വരും വർഷത്തെ സ്കോളർഷിപ്പ് തുകയിൽ കുറവു ചെയ്യുന്നതാണ് എന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.17) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അധികമായി നല്കിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ഉപയോഗശൂന്യമായ വസ്തുക്കൾ കയ്യൊഴിയേണ്ടതാണ്.

A) പോത്തൻകോട് ഗ്രാമപഞ്ചായത്ത് ഓഫീസ് ഒന്നാം നിലയിൽ 10 ഇരുമ്പ് കട്ടിലുകളും, മെത്ത, തലയിണ എന്നിവയും അടുക്കി വച്ചിട്ടുള്ളതായി കണ്ടു. ടി വസ്തുക്കൾ മുൻവർഷം CFLTC യ്ക്കു വേണ്ടി വാങ്ങിയവയാണെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. അനുദിനം ഉപയോഗ ശൂന്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ടി വസ്തുക്കൾ ലേലം ചെയ്യാൻ സർക്കാർ ഉത്തരവ് നം. ബി1/85/2020/SPD തീയതി 6/7/21 പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32) ടി വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.





B) പഞ്ചായത്തിന്റെ കീഴിലുള്ള കാരുണ്യ ബഡ്സ് സ്കൂളിന് നിലവിൽ 2 വാഹനങ്ങളാണ് ഉള്ളത്. KL-22 5318 Mahindra Tourister 2007 Model ബസ്, 2018-19 ൽ MP ഫണ്ടിൽ നിന്നും ലഭിച്ച 1525726/- രൂപ ഉപയോഗിച്ച് വാങ്ങിയ KL-22 L 8638 നം. Tata Starbus School ബസ് (Popular Mega Motors ൽ നിന്നുള്ള 29.08.18 ലെ ടാക്സ് ഇൻവോയിസ് പ്രകാരം വാങ്ങിയത്) എന്നിവയാണ് അവ. എന്നാൽ പുതിയ വാഹനം വാങ്ങി 5 വർഷത്തിനു ശേഷവും പഴയ വാഹനം ലേലം ചെയ്യിട്ടില്ല. ഉപയോഗയോഗ്യമല്ലാത്ത KL-22 5318 വാഹനം കണ്ടം ചെയ്യുന്നതിന് 16.06.22 ലെ പഞ്ചായത്ത് കമ്മിറ്റി ഇനം 6(1) പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടുള്ളതായി കാണുന്നില്ല. ആയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/12.9.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.






## 1-28 വാഹന പരിപാലനം-അപാകങ്ങൾ

1) മഹീന്ദ്ര ബൊലേറോ KL-22-L 1697 ആണ് ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം. കൂടാതെ ബഡ്സ് സ്കൂൾ വാനും പഞ്ചായത്തിന് സ്വന്തമായി ഉണ്ട് (KL-22-L 8638). ടി വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1) വാഹനങ്ങളുടെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിട്ടില്ല. ആയതിനാൽ വാഹനത്തിന്റെ ഇന്ധന

ഉപഭോഗം നിയന്ത്രണോദ്യോഗസ്ഥൻ എങ്ങനെ നിരീക്ഷിച്ച എന്ന് വ്യക്തമല്ല.

2) സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11- 1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ അല്ല ലോഗ് ബുക്ക് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. മിക്ക മാസങ്ങളിലും ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

3) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം- 1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ, സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തീയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്) നം.170/07/തസ്വഭവ തീയതി 30-06-2007 പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) ലോഗ് ബുക്കിന്റെ വലതു ഭാഗത്തുള്ള ഫ്യുവൽ അക്കൗണ്ട് പൂരിപ്പിക്കുകയോ, വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ, വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ആയതു സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6) ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ്, പൊലൂഷ്യൻ ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
KL-22-N 6815 നം. മാലിന്യ വാഹനത്തിന്റെ ലോഗ് ബുക്ക് ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-29 ജനറൽ കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടി വിശദാംശം ലഭ്യമല്ല.

ജനറൽ കമ്മിറ്റി വിവിധ യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളുടെ തുടർനടപടികളുടെ വിശദാംശം ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.
1. ജനറൽ കമ്മിറ്റിയുടെ 16-6-22 ലെ തീരുമാനം നം. 6-10 പ്രകാരം, തച്ചപ്പള്ളി സ്കൂളിലെ ഒരു പ്ലാവ്, ഒരു മാവ് എന്നിവ ലേലം ചെയ്യാൻ ഹെഡ്മിസ്ട്രസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
2. ജനറൽ കമ്മിറ്റിയുടെ 10-8-22 ലെ തീരുമാനം നം. 10-24 പ്രകാരം, ഗവ.യു.പി.സ്കൂളിലെ ഒരു മരം മുറിക്കാൻ ഹെഡ്മിസ്ട്രസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
3. ജനറൽ കമ്മിറ്റിയുടെ 28-9-22 ലെ തീരുമാനം നം. 1-4 പ്രകാരം, മണലകം യു.പി.സ്കൂളിലെ പഴയ ഓഡിറ്റോറിയം ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.
4. ലൈഫ് പദ്ധതിക്കു വേണ്ടി ആരംഭിച്ച ഹോളോ ബ്രിക്സ് യൂണിറ്റിൽ ബാക്കി വന്ന ഹോളോ ബ്രിക്സ് ലേലം ചെയ്തപ്പോൾ ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.രാജേന്ദ്രൻ എന്ന വ്യക്തിയുടെ പേരിൽ ലേലം സ്ഥിരപ്പെടുത്താൻ ജനറൽ കമ്മിറ്റിയുടെ 28-9-22 ലെ തീരുമാനം നം. 4-1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ പണമടച്ചതിന്റെ വിശദാംശം ലഭ്യമല്ല.
തുടർനടപടികളുടെ വിശദാംശം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.46) മറുപടി ലഭ്യമായില്ല. ടി വിവരങ്ങളും, ലേല ഡയറികളും ഫയലുകളും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-30 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണമായും ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ |

| | |
|---|---|
| പദ്ധതി നമ്പർ | S007/23 |
| പദ്ധതി അടങ്കൽ | 2000000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 2000000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| എ സി ആർ ബിൽ നം /തീയതി | 30/ 04.06.2022 – 1739045/- രൂപ<br>230/23.1.23 -22388/- രൂപ<br>220/17.1.23 – 45500/- രൂപ<br>246/31.1.23 – 22389/- രൂപ<br>245/31.1.23 – 130253/- രൂപ<br>342/14.3.23 – 22302/- രൂപ<br>371/16.3.23 – 18122/- രൂപ<br>440/27.3.23 – 1.00/- രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>(പി എച്ച് സി/സി എച്ച് സി ) |

കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ പദ്ധതിയ്ക്കായി ബിൽ നം. 30/04.6.2022 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 1739045/- രൂപ മരുന്ന് ലഭ്യമാക്കുന്നതിനായി കൈമാറിയിട്ടുണ്ട്. നാളിതുവരെയായി 1341942/- രൂപയുടെ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 397103/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/18.09.2023) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണമായും ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 3/23 |
| പദ്ധതി അടങ്കൽ | 160000/- രൂപ (വികസന ഫണ്ട് ) |
| പദ്ധതി ചെലവ് | 160000/- രൂപ (വികസന ഫണ്ട് ) |
| ബിൽ നം /തീയതി | 198/05-01-2023 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ( പി എച്ച് സി/സി എച്ച് സി ) |

പദ്ധതി നമ്പർ 3/23 പ്രകാരം വയോജനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിന് 198/05-01-2023 ട്രഷറി ബിൽ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 160000/- രൂപ കൈമാറിയിട്ടുണ്ട്. നാളിതുവരെയായി 111390/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 48610/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (44/23, 18.09.2023) കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
വയോജനങ്ങൾക്ക് വേണ്ടിയുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 സ്നേഹസ്പർശം സ്കോളർഷിപ്പ് (മാനസികം) ഗുണഭോക്താക്കളുടെ ലിസ്റ്റിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സ്നേഹസ്പർശം സ്കോളർഷിപ്പ് (മാനസികം) |
| പദ്ധതി നമ്പർ | 122/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

2022-23 വർഷത്തിൽ സ്നേഹസ്പർശം സ്കോളർഷിപ്പ് (മാനസികം) നൽകുന്നതിനായുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റും (ബിൽ നം. 2201055206210079663 2) അപേക്ഷകളും പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

എ) ക്രമ നമ്പർ : 74, വാർഡ് 8

അപേക്ഷ പ്രകാരം കുട്ടിയുടെ പേര് അജികുമാർ എന്നും അപേക്ഷകയുടെ പേര് ജലജകുമാരി എന്നും ആണ് (ബാങ്ക് അക്കൗണ്ട് നം: 0273053000006714). സ്കോളർഷിപ് കൈമാറിയിരിക്കുന്നത് ജയലക്ഷ്മി പി എന്ന വ്യക്തിയുടെ പേരിലാണ്. ഈ വ്യക്തിയുമായി കുട്ടിയുടെ ബന്ധം തെളിയിക്കുന്ന രേഖകളോ വ്യക്തിയുടെ തിരിച്ചറിയൽ രേഖകളോ അപേക്ഷയോടൊപ്പം ചേർത്തിട്ടില്ല.

ബി) ക്രമ നമ്പർ : 72, വാർഡ് 18

അപേക്ഷപ്രകാരം കുട്ടിയുടെ പേര് ജിത്തു ജെ കെ എന്നും അപേക്ഷകയുടെ പേര് കവിത എൽ എന്നും ആണ്. അപേക്ഷ പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നം: 13110100123589. എന്നാൽ സ്കോളർഷിപ് തുക കൈമാറിയിരിക്കുന്നത് മറ്റൊരു ബാങ്ക് അക്കൗണ്ടിലേക്കാണ് (A/c: 3199010024676).

സി) ക്രമ നമ്പർ : 55, വാർഡ് 18

ഉദൈഹ് എച്ച് എൻ എന്ന കുട്ടിയുടെ അപേക്ഷയും തിരിച്ചറിയൽ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (63/23, 21.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് -42000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| പദ്ധതി നമ്പർ | 63/23 |
| പദ്ധതി അടങ്കൽ | 588000/- രൂപ (വികസന ഫണ്ട് എസ്സിപി) |
| പദ്ധതി ചെലവ് | 588000/- രൂപ (വികസന ഫണ്ട് എസ്സിപി)<br>ബിൽ നം.-1/204-22 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ആകെ 14 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന കോഴ്സ് പരിഗണിച്ച് ലാപ്ടോപ്പ് നൽകിയിരിക്കുന്നു. GEM Platform മുഖാന്തിരം Tecom Business Services എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ്ടോപ്പ് വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രോജക്റ്റ് ഫയൽ, ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ. (എം.എസ്) 115/2022/ത.സ്വ.ഭ.വ. തീയതി 28-5-22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഏതെങ്കിലും സർക്കാർ അംഗീകൃത കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് കിട്ടാൻ അർഹതയുള്ളത്. എന്നാൽപദ്ധതിയുടെ ഗുണഭോക്താവായ അനിൽ ചന്ദ്രൻ എന്ന വിദ്യാർത്ഥി University Of Madras ന്റെ BA (English) വിദൂര വിദ്യാഭ്യാസ കോഴ്സ് പഠിക്കുന്നതായാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. University Of Madras ന്റെ BA (English) വിദൂര വിദ്യാഭ്യാസ കോഴ്സിന്റെ തിരിച്ചറിയൽ കാർഡിന്റെ ഒരു പകർപ്പും ഉലിക Distance Education Centre ന്റെ ഒരു സാക്ഷ്യപത്രവുമാണ് അപേക്ഷയോടൊപ്പമുള്ളത്. ടി കോഴ്സ് സർക്കാർ അംഗീകൃതം ആണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. BA (English) കോഴ്സ് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്ന് റഗുലറായോ, വിദൂര വിദ്യാഭ്യാസ കോഴ്സായോ പഠിക്കാൻ ഉള്ള സാഹചര്യം ഉള്ളപ്പോൾ ഇത്തരത്തിൽ അംഗീകാരം ഇല്ലാത്ത കോഴ്സ് പഠിക്കുന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയതിന്റെ സാംഗത്യം വ്യക്തമാകുന്നില്ല.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട നല്കിയ എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 64) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ടി പദ്ധതിക്കായി ചെലവഴിച്ച ആകെ തുകയിൽ ഒരു ലാപ്ടോപ്പിന്റെ വിലയായ 42000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 ബാക്കി വന്ന കട്ടിലുകൾ വിതരണം ചെയ്യേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | വൃദ്ധർക്ക് കട്ടിൽ(SC) |
| പദ്ധതി നമ്പർ | 84/23 |
| പദ്ധതി അടങ്കൽ | 282750/- രൂപ (വികസന ഫണ്ട് എസ്സിപി) |
| പദ്ധതി ചെലവ് | 280290/- രൂപ (വികസന ഫണ്ട് എസ്സിപി) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ARTCO യിൽ നിന്ന് 66 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 64 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ്

ഫയലിൽ ഉള്ളത്. ബാക്കി 2 കട്ടിലുകൾ പഞ്ചായത്ത് ഓഫീസിന്റെ ഒന്നാം നിലയിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. ആയത് എത്രയും വേഗം വിതരണം ചെയ്യുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.36) അസി.സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-35 പ്രിന്റിംഗ് ചാർജ്ജ് - ജി.എസ്.ടി. ഈടാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി രൂപീകരണം, മോണിട്ടറിംഗ് (പ്രോജക്ട് നം. 2/23) എന്ന പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ പ്രിന്റിംഗ് ജോലികൾക്കായി കൈരളി ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് 2022-23 വർഷം വിവിധ ബില്ലുകളിലായി രണ്ടു ലക്ഷം രൂപയിൽ കൂടുതൽ തുക പ്രിന്റിംഗ് ചാർജ്ജിനത്തിൽ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ വാർഷിക ടേൺ ഓവർ ഇരുപതു ലക്ഷം രൂപയിൽ കുറവായതിനാൽ ടി സ്ഥാപനം ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടില്ല എന്ന് സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാൽ ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 9(3), 9(4), 9(5) എന്നിവ പ്രകാരം, ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി/സ്ഥാപനം, ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തി/സ്ഥാപനത്തിൽ നിന്ന് ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ, ആ സപ്ലൈയുമായി ബന്ധപ്പെട്ട നികുതി റിവേഴ്സ് ചാർജ്ജ് തത്വപ്രകാരം സ്വീകർത്താവ് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ, മേല്പറഞ്ഞ ബില്ലുകളിൽ അപ്രകാരം ചെയ്തതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം.8)ക്കുള്ള മറുപടിയിൽ, ഭാവിയിൽ ടി അപാകം പരിഹരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-36 ആർജ്ജിതാവധി സറണ്ടർ- രേഖകൾ ലഭ്യമാക്കാത്തതിനാൽ 97322/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

25.02.2023 ലെ GO(P) No.20/2023/Fin ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം NREGS കരാർ ജീവനക്കാർക്ക് പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ 22201369, ചെക്ക് നമ്പർ 105330/29.03.2023). വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | സറണ്ടർ ചെയ്ത ലീവുകളുടെ എണ്ണം | തുക (രൂപ) |
|---|---|---|---|---|
| 1 | അജിൻ കൃഷ്ണ | അക്രെഡിറ്റഡ് എൻജിനീയർ | 13 | 13182 |
| 2 | സുമേഷ് സിദ്ധാർത്ഥൻ | ഓവർസിയർ | 30 | 24040 |
| 3 | അരുണിമ.പി.ബി | ഓവർസിയർ | 30 | 24040 |
| 4 | അനിത.കെ | അക്കൗണ്ടന്റ് കം ടെക്നിക്കൽ അസിസ്റ്റന്റ് | 30 | 24040 |
| 5 | മിനിമോൾ.ആർ.എസ് | അക്കൗണ്ടന്റ് കം ടെക്നിക്കൽ അസിസ്റ്റന്റ് | 15 | 12020 |
| | | | ആകെ | 97322 |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.06.2014 ലെ ഇ2/2321/14 നമ്പർ സർക്കുലറിൽ കരാർ ജീവനക്കാർക്ക് ആർജിതാവധി, ആർജിതാവധി സറണ്ടർ എന്നീ ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ എല്ലാ കരാർ ജീവനക്കാർക്കും സേവന പുസ്തകം ആരംഭിച്ച് ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കരാർ ജീവനക്കാരുടെ സേവന പുസ്തകമോ പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകളോ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/16.09.23 ന് മറുപടി ലഭ്യമാക്കുകയോ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആർജിതാവധി കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാത്തതിനാൽ NREGS കരാർ ജീവനക്കാർക്ക് അനുവദിച്ച ആർജിതാവധി സറണ്ടർ തുകയായ 97322/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 വെറ്ററിനറി സർജൻ- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ,

നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. വരവ് ചെലവ് വിവരങ്ങൾ ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/13.09.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം TR-7A ക്യാഷ് ബുക്ക് ലഭ്യമല്ലാത്തതിനാൽ മുൻകാലങ്ങളിൽ ഉള്ളതുപോലെ തുടർന്ന് പോരുകയായിരുന്നുവെന്നും ഈ വർഷം മുതൽ TR-7A ക്യാഷ് ബുക്ക് എഴുതുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവ് ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-38 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ (വി.ഇ.ഒ – സർക്കിൾ 1, 2) പ്രകാരം, പദ്ധതിയുടെ ഭാഗമായി തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നിലവിൽ കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| ശ്രീജിത്ത്/ഷൈനി വർഗ്ഗീസ്, അജിത് ഭവൻ, വേങ്ങോട് | 160000 | ബേസ്മെന്റ് | 04.01.2019 |
| ശ്രീകുമാർ/രാജി, പുതുവൽ പുത്തൻവീട്,വാവറകോണം | 40000 | ബേസ്മെന്റ് | 09/11/2020 |
| ജിബു/രാജി, കുന്നുകാട് ലക്ഷംവീട്, കൊട്ടുത്തുർകോണം | 200000 | ബേസ്മെന്റ് | 04/2/2021 |
| രാജേഷ് വി.എസ്/സൗമ്യ, രജനി ഭവൻ, കുരങ്ങില്ലാകോണം | 200000 | ബേസ്മെന്റ് | 31/12/2021 |
| നിരോഷ, കുന്നിൽവീട്, വാവറയമ്പലം | 300000 | ലിന്റൽ | 23/03/2021 |
| അപ്പു, കുഴിവിളവീട് | 300000 | റൂഫ് | 23/03/2021 |
| ശ്യാംകുമാർ/മഞ്ജു, ബ്ലോക്ക് നം 118, തോന്നയ്ക്കൽ കോളനി | 300000 | ലിന്റൽ | 23/03/2021 |
| ഷാജിലാൽ/ബിന്ദു, ബ്ലോക്ക് നം 135, തോന്നയ്ക്കൽ | 300000 | ലിന്റൽ | 16/10/2021 |
| രതീഷ്/ലേഖ, ബ്ലോക്ക് നം 133, തോന്നയ്ക്കൽ | 200000 | ലിന്റൽ | 27/11/2021 |

ഗുണഭോക്താക്കൾ ചമച്ച കരാർ പത്രികയിലെ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതിനു ശേഷം 6 മാസം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/18.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-39 ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകൽ-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 71/23 |
| പേര് | ലൈഫ് -ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകൽ |
| അടങ്കൽ | 450000/- |
| ചെലവ് | 450000/- |
| ബിൽ നം | 19/12.08.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ -2 |

പ്രസ്തുത പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന 2 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് 225000/- രൂപ വീതം ചെലവ് വന്നിട്ടുണ്ട്.

| ക്രമ നം. | പേര് | വിലാസം |
|---|---|---|
| 01 | സുജി.എഫ് | തിരുവാതിര,പെരുതല |
| 02 | ലതി.കെ.ബി | അശ്വതി ഭവൻ,പെരുതല |

ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1) ലതി.കെ.ബി അപേക്ഷ പൂരിപ്പിക്കുകയോ, വി.ഇ.ഒ യുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

2) സുജി.എഫ് വി.ഇ.ഒ യുമായി കരാർ വെച്ചിട്ടില്ല.

3) ഭൂമി നൽകിയ വ്യക്തി വി.ഇ.ഒ യ്ക്ക് സമ്മതപത്രം പൂരിപ്പിച്ച് നൽകിയിട്ടില്ല.

4) കൂടാതെ അപേക്ഷയോടൊപ്പം ഗുണഭോക്താക്കളുടെ പേരിൽ ഭൂമി പോക്ക് വരവ് നടത്തി കരം അടച്ചതിന്റെ രസീത് ചേർത്തിട്ടില്ല. ആയതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഗുണഭോക്താക്കൾക്ക് തന്നെയാണോയെന്ന് ഉറപ്പില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 40/18.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്താക്കളുടെ പേരിൽ ഭൂമി പോക്ക് വരവ് നടത്തി കരം അടച്ച രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 വാല്യൂഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയേക്കാൾ ഉയർന്ന തുക ആനുകൂല്യം നൽകി- 24000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 69/23 |
| പേര് | ലക്ഷംവീട് പുനരുദ്ധാരണം (എസ്.സി) ന്യൂലൈഫ് |
| അടങ്കൽ | 250000/- |
| ചെലവ് | 150000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ -2 |

പ്രസ്തുത സ്പിൽ ഓവർ പദ്ധതിയിൽ ശ്രീമതി വിജയകുമാരി.എൻ, ആർ.ബി.എസ് നിവാസ്, കാട്ടായിക്കോണം എന്ന ഗുണഭോക്താവിന് 2022-23 വർഷത്തെ ബിൽ നം. 21/13.05.2022 പ്രകാരം 25000/- രൂപ ഉൾപ്പെടെ ആകെ 200000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ ചേർത്തിരിക്കുന്ന ഓവർസിയറുടെ 02.09.2021 ലെ വാല്യൂഷൻ സർട്ടിഫിക്കറ്റ് പ്രകാരം, പൂർത്തീകരിച്ചിരിക്കുന്ന പണിയുടെ മൂല്യം 176000/- രൂപയാണ്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 42/18.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാല്യൂഷൻ സർട്ടിഫിക്കറ്റിലെ തുകയെക്കാൾ കൂടുതലായി നൽകിയ 24000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 വെള്ളക്കരം കുടിശ്ശിക പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 114795/- രൂപയാണ് 238 ടാപ്പുകളുടെ വെള്ളക്കരമായി KWA യ്ക്ക് നല്കി വരുന്നത്. എന്നാൽ KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2022 മെയ് മാസത്തെ ബിൽ പ്രകാരം, Closing Balance As On 30/4/22 -40438/- രൂപയും, Demand For The Month - 114795/- രൂപയും, ഫൈൻ - 793/- രൂപയും ചേർത്ത് ആകെ Amount Payable 156026/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ 114795/- രൂപ മാത്രമേ വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളൂ. വെള്ളക്കരം കുടിശ്ശിക പരിഹരിക്കാൻ ഒറ്റത്തവണ തീർപ്പാക്കലിന് നടപടി സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം. 50 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-42 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് അനുകൂല്യം നൽകി.

| | |
|---|---|
| പ്രോജക്ട് നം. | 142/23 |
| പേര് | തരിശുകൃഷി |
| അടങ്കൽ | 236000/- |
| ചെലവ് | 236000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രസ്തുത പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവരുടെ അപേക്ഷകളിൽ പദ്ധതി മാർഗ്ഗനിർദേശ പ്രകാരമുള്ള, മൂന്ന്

വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണെന്നും, ഈ ഭൂമിയിലെ ആദ്യ കൃഷിക്ക് ആണ് ആനുകൂല്യം നൽകുന്നത് എന്നും, കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ആനുകൂല്യം ലഭിച്ച ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല.

| ക്രമ നം. | പേര് | വിലാസം | തുക |
|---|---|---|---|
| 01 | മധുസൂദനൻ എസ് | പാണൻവിളാകം അരുണാലയം, കല്ലുവെട്ടി | 1280 |
| 02 | സരോജം | എള്ളുവിള വീട്, വാവറയമ്പലം | 2560 |
| 03 | സിന്ധു എസ് | ആര്യ ഭവൻ, വാവറയമ്പലം | 2560 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/14.09.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ആനുകൂല്യം നൽകിയ എല്ലായിടത്തും രണ്ട് ഘട്ടങ്ങളിലായി സ്ഥലപരിശോധന നടത്തി അർഹരാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നും പ്രസ്തുത വിവരം അപേക്ഷയിൽ സാക്ഷ്യപ്പെടുത്താൻ വിട്ടുപോയതാണെന്നും ആയത് സാക്ഷ്യപ്പെടുത്തൽ വരുത്താമെന്നും, സ്ഥലപരിശോധനയിൽ ലിസ്റ്റിൽ ഉൾപ്പെട്ട പലരും അർഹരല്ലാത്തതിനാലും ലിസ്റ്റിൽ ഉൾപ്പെടാത്ത മൂന്ന് പേർക്ക് വേണ്ട യോഗ്യതയുള്ളതിന്റെ അടിസ്ഥാനത്തിലുമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകിയത് എന്നും, ഇവരുടെ പേര് വിവരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി, ആവശ്യമായ സ്പഷ്ടീകരണം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

## 1-43 പൊതു കുളങ്ങളിലെ മത്സ്യ കൃഷി-സുതാര്യത ഉറപ്പാക്കണം

ജനറൽ കമ്മിറ്റിയുടെ 10/8/22 ലെ തീരുമാനം നം. 10-4 പ്രകാരം, സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് വഴി നടപ്പാക്കുന്ന പൊതു കുളങ്ങളിലെ കാർപ്പ് മത്സ്യ കൃഷി പദ്ധതിയിലേക്ക് പോത്തൻ കോട് ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന കർഷകരെ ഉൾപ്പെടുത്തുന്നതിന് അംഗീകാരം നൽകി തീരുമാനിച്ചു. ഇതു സംബന്ധിച്ച ഫയൽ ലഭ്യമാക്കാത്തതിനാൽ ലേലത്തുകയുടെ കാര്യത്തിൽ വ്യക്തത ഇല്ല.

| ക്രമ നം. | കുളത്തിന്റെ പേര് | വിസ്തീർണ്ണം | കർഷകന്റെ പേര് |
|---|---|---|---|
| 1 | മലയക്കോണം ചിറ | 50 സെന്റ് | വിനീത |
| 2 | തെങ്ങനാംകോട് കുളം | 40 സെന്റ് | നിഷ |
| 3 | വേട്ടമ്പള്ളിക്കോണം | 10 സെന്റ് | ബീന |
| 4 | പൊട്ടക്കുളം | 5 സെന്റ് | അഭിൻദാസ് |
| 5 | കാവിൽ കുളം | 5 സെന്റ് | ജയചന്ദ്രൻ |

ടി കർഷകരെ തിരഞ്ഞെടുത്ത രീതിയുടെ വിശദാംശം, കർഷകരുമായി ഒപ്പു വച്ച എഗ്രിമെന്റ്, അവർ പഞ്ചായത്തിലേക്ക് ലേലത്തുക ഒടുക്കിയതിന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി നം.46 ന് മറുപടി ലഭ്യമാക്കിയില്ല. പൊതു കുളങ്ങളിലെ മത്സ്യ കൃഷിക്ക് സ്വകാര്യ വ്യക്തികളെ ഏല്പിക്കുമ്പോൾ നടപടികളിൽ സുതാര്യത ഉറപ്പാക്കേണ്ടതാണ്.

## 1-44 തുല്യതാ തുടർ വിദ്യാഭ്യാസം - അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0169/23 |
| പ്രോജക്ടിന്റെ പേര് | തുല്യതാ പരീക്ഷാ ചെലവുകൾ |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 50000/- |
| ചെലവ് | 47250/- |
| ചെക്ക് നം. | 105322/25.3.2022 - 47250/- രൂപ |

സാക്ഷരതാ മിഷന്റെ പത്താം തരം, ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് പഠിതാക്കൾക്ക് കോഴ്സ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ അടവാക്കുന്നതിന് തനത് ഫണ്ട് വകയിരുത്തി നടപ്പാക്കുന്ന പ്രോജക്ടാണിത്. പദ്ധതി ഫയൽ പ്രകാരം 17 പഠിതാക്കൾ പത്താം തരം തുല്യതാ കോഴ്സിനും 7 പഠിതാക്കൾ ഹയർ സെക്കന്ററി തുല്യതാ കോഴ്സിനും

രജിസ്റ്റർ ചെയ്തിട്ടുണ്ട്. 10-ാം കോഴ്സ് ഫീസായി 1750x17=29750/- രൂപയും (രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടില്ല), ഹയർ സെക്കന്ററി തുല്യതാ കോഴ്സിനായി ചെലവഴിച്ച 17500/- രൂപയും ഉൾപ്പെടെ ആകെ 47250/- രൂപ സാക്ഷരതാ മിഷനിൽ മേൽ ചെക്ക് പ്രകാരം അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച പഠിതാക്കളുടെ ലിസ്റ്റ്, അപേക്ഷ, കോഴ്സ് രജിസ്ട്രേഷൻ വിശദാംശം, പഠിതാക്കൾ സാക്ഷരതാ മിഷന്റെ ക്ലാസ്സിൽ പങ്കെടുത്തതിന്റെ അറ്റൻഡൻസ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം. 21/15.9.2023-ന് മറുപടി ലഭ്യമാക്കിയില്ല.

## 1-45 മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നടപ്പിലാക്കിയ വിവിധ പദ്ധതികൾ - അപാകങ്ങൾ

1. ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന പ്രോജക്ടുകളുടെ ബില്ലുകൾ പ്രകാരമുള്ള ചെലവു തുകയും,സുലേഖ പത്രിക പ്രകാരമുള്ള ചെലവു തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | അപാകത |
|---|---|---|---|---|
| SO080/23 | ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് | 50000 (വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്) | 28952 | ബില്ലുകൾ പ്രകാരം 30602/- രൂപയും സുലേഖ പത്രിക പ്രകാരം 28952/- രൂപയുമാണ് ചെലവ് |
| SO011/23 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ഇതര ചെലവുകൾ | 390000 (തനത് ഫണ്ട്) | 390000 | ഫയൽ പരിശോധിച്ചതിൽ 467912/- രൂപയുടെ ചെലവു ബില്ലുകൾ കാണുന്നു. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 390000/- രൂപ മാത്രമാണ്. |

മേൽ അപാകങ്ങൾക്ക് ഓഡിറ്റ് എൻക്വയറി നം. 60/20.9.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. ഫർണിച്ചറുകൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | SO185/23 |
| പ്രോജക്ടിന്റെ പേര് | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ |
| അടങ്കൽ | 185922 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 147902 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

2022-23 സാമ്പത്തിക വർഷത്തിൽ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി ബിൽ നം. 411/23.3.2023 പ്രകാരം ചെലവഴിച്ച 147902/- രൂപയിൽ 111542/- രൂപ ആർട്ട്കോയ്ക്കും 36360/- രൂപ മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി എവർഗ്രീൻ സർജിക്കൽസിനും കൈമാറിയിരുന്നു. ഇതിൽ ആർട്ട്കോയിൽ നിന്നുള്ള എസ്റ്റിമേറ്റ് ബിൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആർട്ട്കോയിൽ നിന്നും ഫർണിച്ചറുകൾ ലഭ്യമായതിന്റ്യും സ്റ്റോക്കിലെടുത്തതിന്റ്യും വിവരങ്ങൾ ലഭ്യമാക്കിയില്ല. ഫർണിച്ചറുകൾ ലഭ്യമായിട്ടില്ലായെങ്കിൽ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.60/20.9.2023-ന് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 150000 | ലക്ഷം വീട് പുനരുദ്ധാരണം (എസ്.സി) ന്യൂ ലൈഫ് | 150000 | 0 |
| | | 0 | 577125 | സ്നേഹസ്പർശം സ്കോളർഷിപ്പ് മാനസികം | 577125 | 0 |
| | | 0 | 500000 | കാരുണ്യ സ്പെഷ്യൽ സ്കൂൾ ഉച്ചഭക്ഷണ വിതരണം | 500000 | 0 |
| | | 0 | 1320175 | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 1320175 | 0 |
| | | 569411 | | ബഡ്സ് സ്കൂൾ കിച്ചൺ നിർമ്മാണവും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും | 473642 | 95769 |
| ആകെ | | 569411 | 2547300 | | 3020942 | 95769 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 70000 | ഹരിതഭവനം | 70000 | 0 |
| | | 0 | 350000 | കാട്ടായിക്കോണം പേരുത്തല പട്ടികജാതി സങ്കേതം ഭവനപുനരുദ്ധാരണം | 350000 | 0 |
| | | 0 | 760000 | ലൈഫ് 2020-ഇ.പി.ഐ.പി ഫെസ്സ് 3 ലിസ്റ്റിൽ ഉൾപ്പെട്ട എസ്.സി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം | 760000 | 0 |
| | | 0 | 577125 | സ്നേഹസ്പർശം സ്കോളർഷിപ്പ് മാനസികം | 577125 | 0 |
| | | 0 | 60000 | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 60000 | 0 |
| | | 502463 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 43200 |
| ആകെ | | 502463 | 1817125 | | 1817125 | 502463 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2022-23 | 2200000 | 0 | ഇലക്ട്രിക് വാഹനം | 136081 | 0 |
| | | | 0 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം | 754649 | 0 |
| | | 2200000 | 0 | | 890730 | 1309270 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കി യിരിപ്പ് | തിരിച്ചടവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 569411 | 2547300 | 3116711 | 3020942 | 95769 | 0 | 95769 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 502463 | 1817125 | 2319588 | 1817125 | 502463 | 0 | 502463 |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 2200000 | 0 | 2200000 | 890730 | 1309270 | 0 | 1309270 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക ( വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 50/23 – പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 37429 | - | 37429 |
| | ആകെ | 37429 | | 37429 |
| ഭൂജല വകുപ്പ് | 57/23 – മാലിന്യസംസ്കരണപ്ലാന്റും പോത്തൻകോട് മാർക്കറ്റും വൃത്തിയാക്കുന്നതിന് കുഴൽകിണറും പമ്പിംഗ് സംവിധാനവും ഒരുക്കൽ | 66000 | - | 66000 |
| | 193/23 – കുന്നുകാട് അംഗനവാടി കുഴൽകിണർ നിർമ്മാണം | 95083 | - | 95083 |
| | 196/23 – നെയ്യനമൂല കുടിവെള്ള പദ്ധതി നവീകരണം | 188000 | - | 188000 |
| | 28/23 – പേരുത്തല – ഒരുവാമൂല അരിയോട്ടുകോണം അങ്കണവാടി കുഴൽകിണർ നിർമ്മാണം | 213573 | - | 213573 |
| | 194/23 – പുലിവീട് 47-ാംനമ്പർ അംഗനവാടിയിൽ കുഴൽകിണർ നിർമ്മാണം | 100410 | - | 100410 |
| | ആകെ | 663066 | | 663066 |
| കേരള വാട്ടർ അതോറിറ്റി | 155/23-ജലജീവൻ മിഷൻ പദ്ധതി | 600000 | - | 600000 |
| | ആകെ | 600000 | | 600000 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 2427056 | 37429 | 2464485 | - | 2464485 | 2464305 * |
| കേരള ഭൂജല വകുപ്പ് | 256810 | 663066 | 919876 | - | 919876 | 1491876 ** |
| കേരള വാട്ടർ അതോറിറ്റി | 6583520 | 600000 | 7183520 | 1322301 | 5861219 | 5261219 *** |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.50/23 – പോസ്റ്റുകൾ മാറ്റി

സ്ഥാപിക്കലിനായി 37429/- രൂപ അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) വന്നിട്ടില്ല. കൂടാതെ യഥാർത്ഥത്തിൽ വരേണ്ട നീക്കിയിരിപ്പ് തുകയും B-18 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ 180 രൂപയുടെ വ്യത്യാസം കാണുന്നു.

** ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ DEPOSIT FOR BORE WELL PROJECT 114/22 ന്റെ ഭാഗമായി 500000/- രൂപ കേരള ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ളതായി കാണുന്നു (പ്രോജക്റ്റ്, ചെലവ് എന്നിവ 2021-22 വർഷത്തെ സുലേഖ സ്റ്റേറ്റ്മെന്റിൽ ആണ് ഉൾപ്പെട്ടിട്ടുള്ളത്). ടി തുക ഉൾപ്പെടെ കേരള ഭൂജല വകുപ്പിന് നൽകിയ ആകെ 1163066/- രൂപയുടെ (663066 + 500000) ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) വന്നിട്ടില്ല.

*** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.155/23-ജലജീവൻ മിഷൻ പദ്ധതിയ്ക്കായി 600000 രൂപ അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) ഉൾപ്പെടുത്തുന്നതിന് പകരം RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (R) ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ 2022-23 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | ബി - 5 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC | 289/LMCA1-KURDFC/2018 തീ.04.01.19 | 34252000 | 0 | 3464857 | 30787143 | 30327143 * (30787143-680000+ 220000) |

* ജേണൽ വൗച്ചറുകൾ പ്രകാരം 2021-22 വർഷം തെറ്റായി ബുക്ക് ചെയ്ത തുകകൾ ക്രമീകരിച്ചിരിക്കുന്നു.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ തുക | രസീത് നം./തീയതി |
|---|---|---|---|
| 2017-18 | 3-11 | 9384 | 1220502562/19.09.22 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 34439604 |
| ഓഡിറ്റ് വർഷത്തെ വരവ് | 58312858 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 59646690 |
| നീക്കിയിരിപ്പ് | 33105772 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 163322 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 42000 | ശ്രീ.സുരേഷ് കുമാർ .വി.അസി.സെക്രട്ടറി |
| 1-37 | 97322 | ശ്രീ.സലിൽ എ.സോണി, സെക്രട്ടറി |
| 1-41 | 24000 | ശ്രീ.സുമോദ്. എസ്.എസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ് കുമാർ വി. അസി.സെക്രട്ടറി. | സെക്രട്ടറി,ഇടുക്കി ജില്ല. | സദ്ഗമയ,കോലിയകോട്.പി.ഓ |
| ശ്രീ.സലിൽ എ.സോണി, സെക്രട്ടറി | | കാർത്തിക, മുടവൂർപ്പാറ, ബാലരാമപുരം, പിൻകോഡ് – 695501 |
| ശ്രീ.സുമോദ്. എസ്.എസ്.,VEO | VEO, പോത്തൻകോട് ഗ്രാമ പഞ്ചായത്ത് | അമ്പാടി,പ്രശാന്ത് നഗർ, വേങ്കോട്.പി.ഓ.വട്ടപ്പാറ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/271/2022 തീയതി 19.10.2022 | 2 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/271/2022 തീയതി 19.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/271/2022 തീയതി 19.10.2022 | 4 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/271/2022 തീയതി 19.10.2022 | 1 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/271/2022 തീയതി 19.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/271/2022 തീയതി 19.10.2022 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/271/2022 തീയതി 19.10.2022 | 3 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/271/2022 തീയതി 19.10.2022 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/2410/2022 തീയതി 19.01.2019 | 30 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/339/2020 തീയതി 30.08.2020 | 31 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/1730/2021 തീയതി 25.09.2021 | 31 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/1623/2021 തീയതി 28.10.2021 | 27 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ജി.പി.14/5/2023 തീയതി 23.03.2023 | 54 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 29-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pothencode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pothencode Grama Panchayat for the year 2022-2023

Date: 07/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Pothencode Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non disclosure of liability- The amount received as audit recovery (Rs. 9384/-) is not remitted to concerned fund and not included as liability in the Annual Financial Statement.

**2.Other Observations**

1. Mandatory financial statement not submitted. The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.
2. Cash flow statement-Net increase/decrease in cashflow (96453483/-) doesnot match with the difference between the opening balance and closing balance of cash and cash equivalents (41388184/-).
3. Lapses in making timely and accurate demand entries in respect of tax revenue.

4. The valuation of stock and stores are not done at the end of the financial year and no amount is included in the B-14 Stock in hand (inventories) schedule.
5. No provision is recorded in balance sheet (B-9 schedule) for unrealized expenditure during the financial year such as Honorarium of members, fuel charges etc.
6. Cheque issued (Union Bank, Account no. 614202010010213 - Amount Rs. 4750/-, Cheque No. 93881/16.04.22) and uncashed for more than three months was not transferred to Stale Cheque Account.
7. Cheques of Rs.13615/- and 8063/- are deposited but not credited into Union Bank (Account no. 614202010010213) and SBI (Account no. 57045825676) respectively till date.
8. MGNREGS and Distress Relief fund amount in Balance sheet does not match with the respective Bank accounts opened for the same. There is a difference of Rs. 6173/- and 1800/- respectively.
9. Lack of supporting documents for journal vouchers in respecct of Secured Loan- Loan from KURDFC head.
10. Receipt and payment amounts in respect of Rent deposit and Auction deposit in the Annual Financial Statement does not match with the respective Ledger amounts.
11. Loan register is not submited. Advance register and other demand Registers are not reliable for audit.
12. Misclassification of receipt voucher- The amount of Rs.180418/- collected in respect of Receivables Towards Other Receipts (arrear) is wrongly entered in the Receivables Towards Other Receipts (current) head.
13. Amount of Rs.404882/- used for asset creation using CFC Performance grant fund not transfered to Capital Contribution and treated as revenue income.
14. Misclassification of payment voucher - The amount deposited with KSEB (Rs. 37429/-) is not included in the RP-49 Deposit head (P). The amount deposited with KGWD (Rs. 1163066/-) is not included in the RP-49 Deposit head (P) and also in the B-18 schedule. The amount deposited with KWA (Rs. 600000/-) is included in the RP-49 Deposit head (R) instead of RP-49 Deposit head (P) and also not included in the B-18 schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്